# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.കെടിഎം.പി.8/1537/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 04/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.8/1537/2023 തീയ്യതി: 04/11/2023

# കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 17-08-2023 | 24-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-08-2023 | 24-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ

ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയശ്രീ പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷാജിമോൾ എൻ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.രമേശ് ബാബു ആർ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി ഷിജമോൾ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 11-10-2022 |
| ശ്രീമതി ഷാലിനി വർഗ്ഗീസ് | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷിജമോൾ കെ. | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി ധന്യ ഗോപാലകൃഷ്ണൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി തെരേസ അലക്സ് | കൃഷി ഓഫീസർ | 01-04-2022 | 26-07-2022 |
| ശ്രീമതി ശ്രുതിരാജ് ആർ | കൃഷി ഓഫീസർ | 27-07-2022 | 29-10-2022 |
| ശ്രീമതി ജിഷ ബൈജു | കൃഷി ഓഫീസർ | 31-10-2022 | 31-03-2023 |
| ശ്രീമതി ബിന്ദു എൽ. | ഗവ.എൽ.പി.എസ് | 01-04-2022 | 31-03-2023 |
| ശ്രീ. അജിത്കുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു ജോൺ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.തലയോലപ്പറമ്പ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി സുമ കെ.ബി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-01-2023 |
| ശ്രീമതി സ്മിത രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-02-2023 | 31-03-2023 |
| ശ്രീമതി സൂര്യ ആർ. | അസി.എഞ്ചിയനീയർ | 01-04-2022 | 26-07-2022 |
| ശ്രീമതി ബീന റഹ്മാൻ | അസി.എഞ്ചിയനീയർ | 27-07-2022 | 31-03-2023 |
| ശ്രീ.സതീഷ് കുമാർ കെ.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 24-06-2022 |
| ശ്രീമതി സിന്ധ്യ എൽ.കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 25-06-2022 | 31-03-2023 |
| ശ്രീമതി അനില കെ.എസ്. | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി ചിത്തിര | വി.ഇ.ഒ. | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല | 1-1-4 |
| 6 | റേഷ്യോസ് സമർപ്പിച്ചിട്ടില്ല | 1-1-5 |
| 7 | നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സംയുക്ത പ്രോജക്ടുകളുടെ ചെലവ് പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | മുൻകൂറായി നൽകുന്ന തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല | 1-1-8 |
| 10 | വിവിധ വരവിനങ്ങളുടെ ഡി.സി.ബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 1-1-10 |
| 12 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | വാർഷികപദ്ധതി | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | 99,900/- രൂപയുടെ കാലാവധി കഴിഞ്ഞ ചെക്കുക**ൾ** പണമാകാതെ അക്കൗണ്ടി**ൽ** അവശേഷിക്കുന്നു. | 1-11 |
| 23 | ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു. | 1-12 |
| 24 | വസ്തു നികുതി- വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു | 1-13 |
| 25 | വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു. | 1-14 |

| | | |
|---|---|---|
| 26 | കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വിവിധ രീതികളിൽ പരിഗണിച്ചിരിക്കുന്നു | 1-15 |
| 27 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-16 |
| 28 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 1-17 |
| 29 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-18 |
| 30 | വാടക, ലേലം--കുടിശ്ശികയിനത്തിൽ 6,03,794/- രൂപ ഈടാക്കാൻ അവശേഷിയ്ക്കുന്നു | 1-19 |
| 31 | വിനോദ നികുതി- അപാകതകൾ | 1-20 |
| 32 | ഇ.ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭ്യമായിട്ടില്ല. | 1-21 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 1-22 |
| 34 | അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മാണം - അപാകതകൾ. | 1-23 |
| 35 | പൊതുശൗചാലയം - പ്രവർത്തനക്ഷമമായില്ല. | 1-24 |
| 36 | പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കൽ- വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല, പ്രവൃത്തി നാളിതുവരെ നടപ്പായിട്ടില്ല | 1-25 |
| 37 | ഉയർന്ന തുക കോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-26 |
| 38 | ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയത്-ഗ്രാമസഭ അംഗീകാരം നൽകിയില്ല | 1-27 |
| 39 | അഗതിരഹിതകേരളം പദ്ധതി-സർക്കാർ ഗ്രാന്റ് 40 ലക്ഷത്തിലധികം രൂപ ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ നിലനിൽക്കുന്നു. | 1-28 |
| 40 | വിനോദനികുതി സെസ് അടവാക്കുവാൻ അവശേഷിക്കുന്നു | 1-29 |
| 41 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 1-30 |
| 42 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-31 |
| 43 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-32 |
| 44 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. | 1-33 |
| 45 | മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-34 |
| 46 | വിനിയോഗവിവരം ലഭ്യമായിട്ടില്ല- ;ചെലവ് തടസ്സപ്പെടുത്തുന്നു. | 1-35 |
| 47 | വിഭവ സമാഹരണം | 1-36 |
| 48 | ബസ് ടെർമിനൽ കോംപ്ലക്സ് നിർമ്മാണം - കരാർ വ്യവസ്ഥകൾ ദീർഘകാലാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ ഇല്ലാതാക്കി | 1-37 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23/06/2023 തീയതിയിലെ 3-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 23/06/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ജനറൽ ഫണ്ട് വിശദാംശം ലഭ്യമല്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല.

1-1-4 ക്യാഷ് ഫ്ലോ പത്രികയുടെ കൃത്യത വ്യക്തമല്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ലാത്തതിനാൽ മേൽ പത്രികയുടെ കൃത്യത വ്യക്തമല്ല.

1-1-5 റേഷ്യോസ് സമർപ്പിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 62 പ്രകാരം വാർഷിക കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന റേഷ്യോസ് സമർപ്പിച്ചിട്ടില്ല.

1-1-6 നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

RP 40(b) യിൽ ഉൾപ്പെടുത്തിയിട്ടുള്ള ധനകാര്യകമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയും B-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

1-1-7 സംയുക്ത പ്രോജക്ടുകളുടെ ചെലവ് പൊരുത്തപ്പെടുന്നില്ല

സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്കിൽ നിന്നും ലഭിച്ച തുകയുടെ ചെലവ് വാർഷികകണക്കുകളിലും സുലേഖ ചെലവ് പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. പ്രസ്തുത തുക I-6 ഷെഡ്യൂളിൽ 1727880 രൂപയും ചെലവ് പത്രികയിൽ 2032120 രൂപയുമാണ്.വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

1-1-8 മുൻകൂറായി നൽകുന്ന തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകൾക്ക് മുൻകൂറായി നൽകുന്ന തുക Advance To NREGS/AUGES എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം Advance To Others എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. കൂടാതെ സാക്ഷരത പ്രേരകുമാർക്ക് മുൻവർഷങ്ങളിൽ മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ തുടരുന്നത് Advance To Saksharatha എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം Other Advances എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

1-1-9 വിവിധ വരവിനങ്ങളുടെ ഡി.സി.ബി വാർഷികണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിനോദ നികുതി, മാർക്കറ്റ് വരവ് എന്നിവയുടെ ഡി.സി.ബി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അവ വാർഷികകണക്കുകളുമായി പൊരുപത്തപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

1-1-10 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-1-11 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിൽ 1536000 രൂപ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നീക്കിയിരിപ്പിന്റെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ പാർട്ട് ബിൽ ക്രമീകരണം കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല.

1-2 ബജറ്റ്

ധനകാര്യസ്ഥിരം സമിതിയുടെ 14-3-22ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 16-3-22-ലെ യോഗതീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി (അജണ്ട-1 തീരുമാനം- 1). തുടർന്ന് സർക്കാർ/സർക്കാർ ഇതര ഗ്രാന്റുകളുടെ വരവിൽ കുറവുണ്ടായതും വാർഷികപദ്ധതി ഭേദഗതികളുടെ ഭാഗമായും വരവുചെലവുകണക്കുകളിൽ വന്ന മാറ്റത്തിനനുസൃമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയും പുതുക്കിയ ബജറ്റ് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 14-3-23-ലെ 4-ാം നമ്പർ തീരുമാനപ്രകാരവും ഭരണസമിതിയുടെ 16-3-23-ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിക്കുകയും ചെയ്തു. ആദ്യബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവു കണക്കുകളും പുതുക്കിയ ബജറ്റ്പ്രകാരവുമുള്ള കണക്കുകളും ചുവടെ ചേർക്കുന്നു.

| | ആദ്യബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 73,72,275 | 1,05,15,263 |
| വരവ് | 17,48,65,078 | 17,48,65,078 |
| ആകെ | 18,22,37,353 | 18,53,80,346 |
| ചെലവ് | 17,90,57,652 | 17,90,57,652 |
| നീക്കിയിരിപ്പ് | 31,79,701 | 63,22,694 |

1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണവകുപ്പിന്റെ 2.12.16-ലെ ജി.ഒ.(ആർ.ടി)3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങളും പ്രവർത്തനഘട്ടങ്ങളും വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ പാലിച്ചിട്ടുള്ളതായി കാണുന്നു.

1-3 സാമ്പത്തിക വിശകലനം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിലെ കണക്കുകളുടെ വിശദാംശവും വരവ്/ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 16,275,599/- |
| ഓഡിറ്റ് വർഷത്തെ വരവ് (Receipt) | 44,147,553/- |
| ആകെ | 60,423,152/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment) | 35,302,723/- |

| | |
|---|---|
| നീക്കിയിരിപ്പ് (31/03/2023) | 25,120,429/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 1,31,651,031/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 1,33,284,046/- |
| പ്രവർത്തന നഷ്ടം | (1,633,015/-) |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 414,322/- |
| അറ്റ പ്രവർത്തനനഷ്ടം | (1,218,693/-) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,782,716/- |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17481895 | 17481895 | 14858716 | 2623179 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6823245 | 6823245 | 6823245 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10430000 | 10430000 | 10303579 | 126421 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5428000 | 5428000 | 3472248 | 1955752 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 5403000 | 9372240 | 14775240 | 3429854 | 11345386 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 1128494 | 4289797* | 5418291 | 971536 | 4446755 |
| ഐ.സി.ഡി.എസ് | 398223 | 825752 | 1223975 | 461895 | 762080 |
| ശുചിത്വമിഷൻ ഗ്രാന്റ് | 10130 | 360000 | 370130 | 360000 | 10130 |
| റ്റി.എസ്.സി | 163897 | 0 | 163897 | 0 | 163897 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 1282131 | 0 | 1282131 | 1160471 | 121660 |
| ലൈബ്രറി ഗ്രാന്റ് | 1981 | 19550 | 21531 | 19550 | 1981 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (Wellness Centeres) | 0 | 212313 | 212313 | 127594 | 84719 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 0 | 371505 | 371505 | 234733 | 136772 |

* ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 289527 രൂപ ഉൾപ്പെടെ

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1992029 രൂപ, 946103 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വാർഷികകണക്കുകൾ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഇനത്തിലുള്ള ചെലവ് സാംഖ്യ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. സാംഖ്യ എ.സി.ആർ പ്രകാരം ചെലവ് 3220035 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 3429854 രൂപയുമാണ്.

3.ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

4. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 289527/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷികപദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷമായ 2022-23 മുതലുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-4-22ലെ സ.ഉ(കൈ) നം 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി നടപടിക്രമങ്ങൾ പാലിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങളുടെ ഭാഗമായുള്ള പല യോഗങ്ങളിലേയും ചർച്ചകളും തീരുമാനങ്ങളും യഥാവിധി എഴുതി പൂർത്തീകരിച്ച് മിനിറ്റ്സ് രേഖകൾ ആധികാരികമാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിക്കാണുന്നില്ല. പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പ്രകാരം പദ്ധതി ആസൂത്രണവും/രൂപീകരണവുമായി ബന്ധപ്പെട്ടുള്ള നടപടിക്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി/ |
|---|---|
| ആസൂത്രണസമിതിയോഗം | 121-2-22 (യോഗമിനിറ്റ്സിൽ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല) |

| | |
|---|---|
| പദ്ധതി രൂപീകരണഗ്രാമസഭകൾ | 17-1-22മുതൽ 20-1-22 വരെ തീയതികൾ |
| ഗുണഭോക്തൃതെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 17-6-22 മുതൽ 19-6-22 വരെ |
| വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി | 13-5-22, 22-6-22 |
| ഭിന്നശേഷി ഗ്രാമസഭ | 6-3-22, 21-6-22 |
| വയോജന ഗ്രാമസഭ | 6-3-22,21-6-22 |
| ഊരുകൂട്ടയോഗം | 10-2-22, 25-2-22,20-6-22 |
| വികസനസെമിനാർ | 25-6-22 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച | 10-8-22 2(1) തീരുമാനം |
| ഭരണസമിതി വാർഷികപദ്ധതി അംഗീകരിച്ച | 26-10-22ലെ 1( 1)തീരുമാനം |
| ആസൂത്രണസമിതി അംഗീകാരം | ഉത്തരവ്നം 82898/22/DPC/DPO /KTM/തീയതി യതി 6-3-23 |

വികസനസെമിനാറിൽ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുകയും കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കയും ചെയ്തിട്ടുണ്ട്.

വാർഷികപദ്ധതി- വകയിരുത്തലും ചെലവു വിവരങ്ങളും

2022-23 വാർഷികപദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 11,52,78,554/ - രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 166 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 101 പ്രോജക്ടുകൾക്കുവേണ്ടി 4,98,72,237- രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ചെലവ് 43.2%

ധനകാര്യക്കമ്മീഷൻ ഗ്രാന്റ് 1,57 കോടിയിലധികം രൂപ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു

ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് ഗ്രാന്റിനങ്ങളിലായി മുൻവർഷം ലഭിച്ച തുകയുൾപ്പെടെ ആകെ 157,92,141/-രൂപ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് കാണുന്നു. മാലിന്യനിർമ്മാർജ്ജനം, ശുചിത്വം, കുടിവെള്ള വിതരണം മുതലായ അനിവാര്യമേഖലയിൽപ്പെടുന്ന കാര്യങ്ങൾക്കുവേണ്ടി പോലും വേണ്ടത്ര പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ലാത്തതിനാലാണ് ഈ കാര്യങ്ങൾക്കു വിനിയോഗിക്കുന്നതിനു വേണ്ടി ലഭ്യമാക്കിയ ടൈഡ് ഫണ്ടിൽ ഗണ്യമായ തുക ബാങ്ക് അക്കൗണ്ടിലവശേഷിക്കുന്നത്. വികസനഫണ്ട് പോലെ കണക്കാക്കി വിനിയോഗിക്കാവുന്ന ഉപാധിരഹിതഫണ്ടിനത്തിലുള്ള തുകയും ഇപ്രകാരം ചെലവഴിച്ചിട്ടില്ലാത്തതാണ്, ജില്ലയിലെ തന്നെ ഏറ്റവും പഴക്കമുള്ളതും ചരിത്രപ്രാധാന്യമുള്ളതുമായ തലയോലപ്പറമ്പ് മാർക്കറ്റ് നിലവിലും അസൗകര്യങ്ങളുടെ നടുവിലാണ്. മാർക്കറ്റിന്റെ ഇന്നത്തെ ശോചനീയാവസ്ഥയും ആഴ്ചചന്തയ്ക്കുവേണ്ട സൗകര്യങ്ങളുടെ പരിമിതിയും, ടോൾപിരിവിലുള്ള പോരായ്മയും പരിഹരിച്ച് പുരോഗതിയിലേക്ക് കാൽവയ്ക്കാനുള്ള ആഗ്രഹം ഗ്രാമസഭയോഗങ്ങളിൽ ഉണ്ടാകുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിന്റെ വികസനരേഖയിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. മേൽസാഹചര്യങ്ങൾ ഗൗരവമായി കാണേണ്ടതും മാർക്കറ്റിന്റെ അടിസ്ഥാനസൗകര്യവികസനത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതും അക്കൗണ്ടിലവശേഷിക്കുന്ന തുക യഥോചിതം മാർഗ്ഗരേഖാനിർദ്ദേശങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതുമാണ്.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല. 47ലക്ഷത്തിലധികം രൂപയുടെ ഗ്രാന്റ് നഷ്ടം

വികസനഫണ്ട്, റോഡ്, റോഡിതര സംരക്ഷണഗ്രാന്റുകൾ വകയിരുത്തി അംഗീകാരം കിട്ടിയ പ്രോജക്ടുകൾ നടപ്പാകാതെ വന്ന സാഹചര്യത്തിൽ വികസനപ്രവർത്തനങ്ങൾക്കായുള്ള 47.05ലക്ഷം രൂപയുടെ ഗ്രാന്റ് ആത്യന്തികമായി പഞ്ചായത്തിന് നഷ്ടമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | നഷ്ടമായ തുക |
|---|---|
| വികസനഫണ്ട്-ജനറൽ | 2623179 |
| റോഡ് സംരക്ഷണഗ്രാന്റ് | 126421 |
| റോഡിതര സംരക്ഷണഗ്രാന്റ് | 1955752 |
| ആകെ | 47,05352/- |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണചുമതല 11 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയിരുന്നു. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകാരം കിട്ടിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 42 | 17 | 17727212 | 8603207 | 48.53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 6015000 | 5056177 | 84.05 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 886250 | 785000 | 88.57 |
| അസിസ്റ്റന്റ് എൻജിനീയർ | 78 | 43 | 31087646 | 15679951 | 50.43 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 5 | 4 | 1089733 | 1060103 | 97.28 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| കൃഷി ഓഫീസർ | 8 | 7 | 3135625 | 2628047 | 83.81 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 8 | 51007088 | 13690132 | 26.83 |
| വെറ്ററിനറി സർജൻ | 5 | 5 | 3065000 | 1217500 | 39.72 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 5 | 1015000 | 902120 | 88.87 |
| ഹെഡ്മാസ്റ്റർ | 1 | 1 | 50000 | 50000 | 100 |
| ആകെ | 166 | 101 | 115278554 | 49872237 | 43.2 |

വാർഷികപദ്ധതി -വിലയിരുത്തൽ

* 11.52 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും 43.2% രൂപയെ ചെലവഴിച്ചിട്ടുള്ളൂ. അംഗീകാരം കിട്ടിയ 65 പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തിയിരുന്ന തുക ചെലവഴിച്ചിട്ടില്ലാത്തതും ബ്ലോക്ക് വിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും യഥാക്രമം 71.61 ലക്ഷം രൂപയും 73.87 ലക്ഷം രൂപയും വീതമാണ് വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നത്. എന്നാൽ യഥാക്രമം 20.32 ലക്ഷം രൂപയും 18.74ലക്ഷം രൂപയും വീതമേ യഥാർത്ഥത്തിൽ ലഭ്യമായിട്ടുള്ളൂ. കൂടാതെ മറ്റുള്ളവ എന്ന വിഭാഗത്തിൽപ്പെടുത്തി ചെലവഴിക്കപ്പെട്ട തുക 11.2ലക്ഷം രൂപ മാത്രമാണെന്നിരിക്കെ വകയിരുത്തിയ തുക 1.87കോടി രൂപയാണ്. ഇപ്രകാരം ഇതര സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാവുന്ന തുക സംബന്ധിച്ച് വസ്തുതാപരമായ കണക്കുകൂട്ടൽ നടത്താതെ ഗണ്യമായ തുക വകയിരുത്തുകയും എന്നാൽ തുക ലഭിക്കാതെവന്നതും വാർഷികപദ്ധതിയുടെ ചെലവുശതമാനം കുറയുന്നതിനിടയായി.

* പതിനാലാം പദ്ധതിയുടെ ആദ്യവർഷങ്ങളിൽത്തന്നെ ഖര, ദ്രവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ പ്രോജക്ടുകൾ നടപ്പിലാക്കി സമ്പൂർണ്ണ ശുചിത്വപദവി ആർജ്ജിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മാലിന്യനിർമ്മാർജ്ജനത്തിനും മാലിന്യസംസ്കരണത്തിനുമായി വേണ്ടത്ര പ്രോജക്ടുകൾ ആവിഷ്കരിച്ചില്ല. എം.സി.എഫിനുവേണ്ടി പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും തൻവർഷം നടപ്പാക്കിയില്ല. ടേക്ക് എ ബ്രേക്ക് പദ്ധതിയുടെ ഭാഗമായി ടോയ് ലറ്റ് കെട്ടിടം പണിപൂർത്തീകരിച്ചുവെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

*അനിവാര്യവും പൊതുവായതുമായ ചുമതലയിൽപ്പെട്ട കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാവുന്ന ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മുൻവർഷത്തെയുൾപ്പെടെ ചെലവഴിക്കാതെ 1.24 കോടി രൂപ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നു.

*തെരുവുവിളക്കുകളുടെ പരിപാലനവും ശുദ്ധജലവിതരണവും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെടുന്ന കാര്യങ്ങളാണെന്നിരിക്കെ വാർഷികപദ്ധതിയിൽ ഈ മേഖലയിൽ പരമാവധി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടികളുണ്ടായില്ല.

* എം.സി.എഫിലേക്ക് വെയിംഗ് മെഷീൻ വാങ്ങിയെങ്കിലും ഉപകരണം പ്രയോജനപ്പെടുത്താതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു.

* അഗതിരഹിത കേരളം പദ്ധതിയുടെ ഭാഗമായി പാവപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി വകയിരുത്തിയ തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

*4-ാം വാർഡിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അങ്കണവാടി കെട്ടിടം സംരക്ഷിക്കുന്നതിനുമായി ചുറ്റുമതിൽ കെട്ടുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും പ്രദേശവാസികളുടെ എതിർപ്പുകാരണം പണി പൂർത്തീകരിക്കാനായിട്ടില്ല.

തുടർന്നുവരുന്ന വാർഷികപദ്ധതിയിൽ മേൽഅപാകതകൾ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികളുണ്ടാകേണ്ടതാണ്.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രസ്തുത ചുമതല നിറവേറ്റിയിട്ടില്ല. മോണിറ്ററിംഗ് കാര്യക്ഷമമായിരുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലുകളോടൊപ്പം സൂക്ഷിച്ചിട്ടുമില്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ 2022-23 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 15വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം പുതുതായി 66 കുടുംബങ്ങൾക്ക് തൊഴിൽ കാർഡ് നൽകി. ലേബർബജറ്റ് പ്രകാരം ആകെ 518 പദ്ധതികൾ വിഭാവനം ചെയ്തതിൽ 311 പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി ലഭിക്കുകയും 66 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 71081 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1133 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മണ്ണ്ജല സംരക്ഷണം, തോടുകളും വാച്ചാലുകളും നവീകരണം. കയർ ഭൂവസ്ത്രം മുതലായ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2022-23 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30859.50 | 826391 | 857250.50 | 856057 | 1193.50 |
| തൊഴിലാളികൾക്ക് നേരിട്ടു നൽകിയത് | 0 | 25033922 | 25033922 | 25033922 | 0 |
| | 30859.50 | 25860313 | 25891172.50 | 25889979 | 1193.50 |

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷൻ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 21742000 | 2282 |
| കർഷക തൊഴിലാളി പെൻഷൻ | 4193600 | 392 |
| വിധവ പെൻഷൻ | 6859800 | 660 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 625000 | 59 |
| വികലാംഗ പെൻഷൻ | 2864000 | 272 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.08.2023 തീയതിയിൽ 3.15 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11829/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

01.04.22 മുതൽ ILGMS സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ അക്കൗണ്ടിംഗ് സംവിധാനമാണ് പഞ്ചായത്തിലുള്ളത്. എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-1-1 മുതൽ 1-1-11 വരെ പരാമർശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ മുഖാന്തിരമാണ് കണക്കുകൾ കൈകാര്യം ചെയ്യുന്നത്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു. സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.05.2021-04.05.2021 | 01.04.2020 മുതൽ 31.03.2021 | റിപ്പോർട്ട് ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/03/2014 – 25/04/ | 2008/09 – 2012/13 | LBA(HQ)11/8A-2144/84 Dt 03/06/14 |

1-11 99,900/- രൂപയുടെ കാലാവധി കഴിഞ്ഞ ചെക്കുകൾ പണമാകാതെ അക്കൗണ്ടിൽ

അവശേഷിക്കുന്നു.

മാർച്ച് 2023 ലെ റക്കൺസിലിയേഷൻ പത്രിക പ്രകാരം ജില്ലാസഹകരണബാങ്ക് തലയോലപ്പറമ്പ് ശാഖയിൽ (A/c.No. 133212322000034) നിക്ഷേപിച്ച 2018 മുതലുള്ള (Reserve Bank Of India യുടെ DBOD.AML BC.No.47/14.01.001/2011-12 സർക്കുലർ പ്രകാരം ചെക്കുകളുടെ കാലാവധി 3 മാസം ആണ്.) ചുവടെ ചേർക്കുന്ന ചെക്ക് തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

| Type | Voucher No | Voucher Date | Instrument No | Instrument Date | Amount |
|---|---|---|---|---|---|
| Cheque Deposited But Not Cleared | 120050500217 | 31-03-2021 | 119256 | 31-03-2021 | 5,444.00 |
| ” | 119050500020 | 26-06-2019 | 654272 | 24-06-2019 | 950.00 |
| ” | 120050500216 | 31-03-2021 | 119256 | 31-03-2021 | 39,048.00 |
| ” | 120050500218 | 31-03-2021 | 119255 | 31-03-2021 | 36,992.00 |
| ” | 121050500219 | 31-03-2021 | 119255 | 31-03-2021 | 12,290.00 |
| ” | 008050400003 | 03-10-2018 | 425092 | 04-09-2018 | 1,250.00 |
| ” | 120050500181 | 30-03-2021 | 27481 | 30-03-2021 | 226.00 |
| ” | 120050500179 | 30-03-2021 | 27481 | 30-03-2021 | 761.00 |
| ” | 120050500180 | 30-03-2021 | 27481 | 30-03-2021 | 2,189.00 |
| ” | 008050400004 | 26-10-2018 | 426023 | 17-09-2018 | 750.00 |
| | ആകെ | | | | 99,900/- രൂപ |

മേൽ പട്ടിക പ്രകാരമുള്ള ചെക്ക് തുകകൾ ഇതിനോടകം പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/23.08.23 ന് മറുപടി ലഭ്യമാക്കി. വസ്തുനികുതിയിനത്തിൽ അടവാക്കിയ തുകയാണ് മേൽ ചെക്കുകൾ എന്നും അക്കൗണ്ടിൽ പണമില്ലാത്തതിനാൽ ചെക്ക് തിരികെ വന്നതാണെന്നും ടിയാളുകൾക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ തുക അടവാക്കിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കി.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ്, 2011, വകുപ്പ് 6(5) പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാലൻസ് ബാങ്ക് ബുക്ക് ബാലൻസുമായി എല്ലാ മാസവും പൊരുത്തപ്പെടുത്തൽ നടത്തണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

ടി വിഷയത്തിൽ ഭരണതലത്തിൽ തീരുമാനമെടുക്കേണ്ടതും വണ്ടിചെക്ക് നൽകിയവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ചെക്ക് തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

1-12 ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ മുറികൾക്ക് /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം (നികുതിയിളവ് ഇല്ല), ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20% നികുതി ഇളവ്) എന്നീ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയർ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ വ്യക്തിയുടെ തന്നെ ഒരേ കെട്ടിടത്തിലെ വിവിധ

മുറികളെ/സമീപകെട്ടിടങ്ങളെ വ്യത്യസ്ത മേഖലയിൽപെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | മേഖല |
|---|---|---|
| രമ ജയൻ | 9/123 A | പ്രഥമം |
| | 9/123 B | ദ്വിതീയം |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/21.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടതും ഇപ്രകാരം വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് വിവരമറിയിക്കേണ്ടതുമാണ്.

1-13 വസ്തു നികുതി- വലിയ തുക കുടിശ്ശികയായി അവശേഷിക്കുന്നു

31.03.2023-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 1367834 രൂപ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ളതായി കാണുന്നു. വസ്തുനികുതി കുടിശിക പിരിച്ചെടുക്കാനായി സ്വീകിരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/21.08.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-14 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങൾ, ഹോസ്റ്റലുകൾ, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം(ച.മീ) |
|---|---|---|---|
| 1 | 10/497/A | കെ ബാബു ജന്റിൽമാൻ ചിറ്റ് ഫണ്ട്സ് | 1193 |
| 2 | 9/248 | ബി.എസ്.എൻ.എൽ | 155 |
| 3 | 6/450/A | അഡ്മിനിസ്ട്രേറ്റർ, മേഴ്സി ഹോസ്പിറ്റൽ | 35.66 |
| 4 | 6/450/A | അഡ്മിനിസ്ട്രേറ്റർ, മേഴ്സി ഹോസ്പിറ്റൽ | 25 |

വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(8/21.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം വിവരമറിയിക്കേണ്ടതാണ്.

1-15 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി ഒരേ റോഡ് തന്നെ വിവിധ രീതികളിൽ

പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ‘ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററിൽ കുറവ് വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) ' എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 9/259A | രതീഷ് പട്ടശ്ശേരി | തലയോലപറമ്പ്-കുത്താട്ടുകുളം | 1.5 മീറ്ററിൽ കുറവ് വീതിയുള്ള റോഡ് |
| 2 | 9/139 B | മിനി രാമചന്ദ്രൻ | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇപ്രകാരം ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/24.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയം പുനപരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-16 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | എം.കെ മോട്ടോഴ്സ് | 2 |
| 2 | ഡി. ടി. ഡി സി കൊറിയർ | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/22.08.23) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ നികുതിക്ക് വിധേയരായവരിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 18 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി

ഡിമാന്റ് ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | മെഡിസിറ്റി സഹകരണ ആശുപത്രി |
| 2 | തേനേത്ത് ഫ്യൂവൽസ് പെട്രോൾ പമ്പ്, |
| 3 | എച്ച്.പി പെട്രോൾ പമ്പ്, കാർണിവൽ തീയേറ്ററിന് എതിർ വശം |
| 4 | ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ്, ചർച്ച് ജംഗ്ഷൻ |
| 5 | ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ്, സിലോൺ കവല |
| 6 | പുഴയോരം റെസ്റ്റോറന്റ്, വടയാർ |
| 7 | പ്രദീപ് ഗ്യാസ് ഏജൻസി, ഗോഡൗൺ, വടയാർ |
| 8 | മെഡിസിറ്റി ഡെന്റൽ ക്ലിനിക്ക് |
| 9 | അക്ഷയ കേന്ദ്രം |
| 10 | ഹോട്ടൽ പങ്കജ് |
| 11 | ഹോട്ടൽ ഗോൾഡൻ പാർക്ക് |
| 12 | ട്രെൻഡ്സ് |
| 13 | നൈസ് മൂവി ഹൗസ് |
| 14 | മൈലപറമ്പിൽ സർവ്വീസ് സെന്റർ |
| 15 | ടേക്ക് ഓഫ് സ്പോട്സ് |
| 16 | പർപിൾ പമ്കിൻ |
| 17 | റൊമാനിയ ഗ്രാനൈറ്റ്സ് |
| 18 | റോയൽ റസ്റ്റോന്റ്സ് |
| 19 | മൃഗ സംരക്ഷണ പരിശീലന കേന്ദ്രം |
| 20 | നൈസ് മൂവി ഹൗസ് |
| 21 | മേഴ്സി ഹോസ്പിറ്റൽ |

സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/24.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-18 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തലയോലപറമ്പ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | ഹൊറൈസൺ മോട്ടോഴ്സ് | 1 |
| 2 | മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | 2 |
| 3 | റിലയൻസ് റീടെയിൽ ലിമിറ്റഡ് | 2 |
| 4 | റിലയൻസ് സ്മാർട്ട് പോയന്റ് | 1 |
| 5 | വൈക്കം അർബൻ കോപ്പറേറ്റീവ് ബാങ്ക് | 1 |
| 6 | ഫാർമേഴ്സ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 1,2 |
| 7 | മുത്തൂറ്റ് ഫിൻകോർപ്പ് | 2 |
| 8 | എസ് ബി ഐ ചർച്ച് ജംഗ്ഷൻ | 2 |
| 9 | എം.കെ മോട്ടോഴ്സ് | 2 |
| 10 | കല്യാൺ ജ്യൂവലേഴ്സ് | 2 |
| 11 | കെ.എസ്.ബി.സി ലിമിറ്റഡ് | 1,2 |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-19 വാടക, ലേലം--കുടിശ്ശികയിനത്തിൽ 6,03,794/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു

2022-23 വർഷത്തെ ധനകാര്യപത്രിക, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ വാടക, ലേലം എന്നീ വരവിനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

1) വാടക കുടിശ്ശിക (അരിയർ)-23782/- രൂപ

2)വിവിധ ലേലവരവിനങ്ങളുടെ കുടിശ്ശിക

എ) മാർക്കറ്റ് വരവ് (അരിയർ)-1,30,475/- രൂപ

ബി) Slaughter House വരവ് (Arrear)-449537/- രൂപ

6 ലക്ഷത്തിലധികം രൂപ കുടിശ്ശിക വന്നിട്ടുള്ളത് ഏത് വർഷം മുതലുള്ള തുകയാണെന്ന് വ്യക്തമല്ല. കുടിശ്ശികക്കാരുടെ വിവരവും രേഖകളുടെ അഭാവത്തിൽ ലഭ്യമായിട്ടില്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.2/20.08.2023) ന് മറുപടിയായി വാടക കുടിശ്ശിക രജിസ്റ്ററുകൾ പരിശോധിച്ച് വിശദമായ മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. കുടിശ്ശികയുടെ വിശദവിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കേണ്ടതും കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 വിനോദ നികുതി- അപാകതകൾ

വിനോദ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

വിനോദ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

സിനിമ തീയേറ്ററുകളിൽ വിൽക്കുന്ന 100 രൂപയിൽ കുറവുള്ള ടിക്കറ്റുകളിന്മേൽ 5 ശതമാനവും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകളിന്മേൽ 8.5 ശതമാനവും വീതം വിനോദ നികുതി ഈടാക്കുന്നതിന് 31.08.2019 തീയതിയിലെ സ.ഉ(കൈ)നം.112/2019/തസ്വഭവ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാർണിവൽ

സിനിമാസ് എന്നീ തീയറ്ററിൽ നിന്ന് 2022 ജ്യൂൺ വരെയുള്ള മാസങ്ങളിലെ വിനോദ നികുതി മാത്രമാണ് ഈടാക്കിയിരിക്കുന്നത്. 07/2022 മാസം മുതൽ വിനോദ നികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

വിനോദ നികുതി ഒടുക്കുന്നതിൽ കാലതാമസം

31.08.2019 തീയതിയിലെ സ.ഉ(കൈ)നം.112/2019/തസ്വഭവ പ്രകാരം ഓരോ മാസത്തെയും വിനോദ നികുതി അടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. എന്നാൽ തലയോലപറമ്പ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തീയേറ്ററുകൾ വിനോദ നികുതി ഒടുക്കുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. ഉദാഹരണം- കാർണിവൽ സിനിമാസിന്റെ 04/2022 മാസത്തെ വിനോദ നികുതി 01.07.2022 തീയതിയും 05/2022, 06/2022 ങ്ങളിലെ നികുതി 14.02.2023 തീയതിയുമാണ് ഒടുക്കിയിരിക്കുന്നത്. യഥാസമയം നികുതി ഒടുക്കാത്തതിന് ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

വിനോദ നികുതി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

വിനോദ നികുതിയിമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തീയേറ്ററുകളിൽ നിന്ന് ലഭ്യമായ ഡെയിലി കളക്ഷൻ റിപ്പോർട്ടുകളും വിനോദ നികുതി ഒടുക്കിയ രസീതുകളും മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്.

പരാമർശിത അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (25/23.08.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ഇ.ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിലേക്ക് ലഭ്യമായിട്ടില്ല.

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBIയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (അക്കൗണ്ട് നമ്പർ 38041763350 ). എന്നാൽ ടി അക്കൗണ്ടിൽ 28.3.23 ൽ പൊതുശൗചാലയനിർമ്മാണത്തിനായ് കരാറുകാരന് നൽകേണ്ട 434588/- രൂപയുൾപ്പെടെ 474099.75 രൂപ ബാലൻസുണ്ട് . ബാലൻസ് തുകകൾ അതാത് ശീർഷകങ്ങളിൽ അടവാക്കി ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 21 / 23.8.23) നൽകുകയുണ്ടായി. 77579.75/- രൂപ മാത്രമാണ് നിലവിൽ ബാലൻസുള്ളതെന്നും കോൺട്രാക്ടർക്ക് നൽകാനുള്ള തുക 1.4.23 ന് ശേഷം നൽകിയിട്ടുണ്ടെന്നും അക്കൗണ്ട് സ്റ്റേറ്റ്മെന്റ് സഹിതം മറുപടി ലഭ്യമാക്കി. നീക്കിയിരുപ്പ് തുക ഇനം തിരിച്ച് കണക്കാക്കി നികുതി വിഹിതങ്ങൾ ബന്ധപ്പെട്ട ശീർഷകങ്ങളിലും ഈ ടെണ്ടർ ഫീസ് സെക്രട്ടറിയുടെ പേരിലുള്ള തനത്ഫണ്ട് അക്കൗണ്ടിലും ഒടുക്കേണ്ടതാണ്.

## 1-22 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

വർഷങ്ങൾക്ക് മുമ്പ് വിവിധ പ്രോജക്ടുകളുടെ ബില്ലുകൾ മാറി അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ഇടുകയും അതിലൂടെ ട്രാൻസാക്ഷൻ നടത്തുകയുമാണ് ചെയ്തിരുന്നത്. ആയതിനായി രൂപീകരിച്ചിരുന്ന അക്കൗണ്ടിൽ (നമ്പർ 67055131523 എസ്.ബി.ഐ) 25.6.23 ൽ 48775.70 /- രൂപ ബാലൻസുണ്ട്. പലിശ ക്രെഡിറ്റായി വലിയ തുക ബാലൻസായി അവശേഷിക്കുന്നത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കി അക്കൗണ്ട് ക്ളോസ്സ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 22/ 23.8.23) നൽകുകയുണ്ടായി. പഞ്ചായത്ത് കമ്മറ്റി തീരുമാനം വാങ്ങിയശേഷം നിലവിലുള്ള അക്കൗണ്ട് ക്ളോസ്സ് ചെയ്ത ശേഷം തുക പഞ്ചായത്ത് ഫണ്ടിലേക്ക് നൽകുമെന്നാണ് ലഭിച്ച മറുപടി. നീക്കിയിരുപ്പ് തുക ഇനം തിരിച്ച് കണക്കാക്കി നികുതി വിഹിതങ്ങൾ ബന്ധപ്പെട്ട ശീർഷകങ്ങളിലും ബാക്കി തുക സെക്രട്ടറിയുടെ അക്കൗണ്ടിലും ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മാണം - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 126/23 |
| അടങ്കൽ, ഫണ്ടിനം | 400000/-<br>റോഡിതരസംരക്ഷണ ഗ്രാന്റ് |
| ചെലവ് | 297424/- |
| ബിൽ നമ്പർ, തീയതി | 262/21.3.23 |

വാർഡ് 4 ലെ അങ്കണവാടി നമ്പർ 142 ന് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിക്കുകയും മുറ്റം ടൈൽ വിരിക്കുകയുമായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം.

22.8.23 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ അങ്കണവാടിക്ക് ഭാഗികമായി മാത്രം ചുറ്റുമതിൽ നിർമ്മിച്ചതായി കാണപ്പെട്ടു. അങ്കണവാടിയുടെ മുൻവശത്തും പുറക് വശത്തും പൂർണ്ണമായി ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. വലത് ഭാഗത്ത് ഭാഗികമായി മാത്രം ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇടത് വശത്ത് യാതൊരു നിർമ്മാണവും നടത്തിയിട്ടില്ല. അങ്കണവാടിയോട് ചേർന്ന് ഇടത് വശത്ത് കൂടി സമീപത്തുള്ള വീട്ടുകാർക്ക് ഒരു വഴിയുള്ളതായി കാണുന്നു. അതിനാൽ ടി സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കാൻ പ്രദേശവാസികൾ തടസ്സമുന്നയിച്ചെന്നാണ് ഇത് സംബന്ധിച്ച് അസി.എഞ്ചിനീയർ ഓഫീസിൽ നിന്ന് ലഭിച്ച വിവരം. തഹസിൽദാറുടെ (ഭൂരേഖ) 15.2.23 ലെ സി5 - 621/2023 നമ്പർ കത്ത് പ്രകാരം അങ്കണവാടിക്കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം വടയാർ വില്ലേജിലെ ബ്ളോക്ക് 19 ലെ റീ സർവ്വേ 125/6 ൽ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെടുന്നതാണ്. താലൂക്ക് സർവ്വേയറുടെ റിപ്പോർട്ട് പ്രകാരം റീ സർവ്വേ 125/6 ൽ 1.12 ആർ സ്ഥലം റോഡായി കാണുന്നതും അങ്കണവാടിക്കെട്ടിടം സ്ഥിതി ചെയ്യുന്നത് 2.91 ആർ സ്ഥലത്തുമാണ്. പ്രസ്തുത സ്ഥലവും കെട്ടിടവും ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്നതാണ്. മഴ പെയ്താൽ വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലത്ത് കുട്ടികളുടെ സുരക്ഷയ്ക്ക് സംരക്ഷണമതിൽ ആവശ്യമാണ്. സംരക്ഷണമതിൽ ഇല്ലാത്തതുമൂലം രാത്രികാലങ്ങളിൽ സാമൂഹ്യവിരുദ്ധരുടെ ശല്യമുണ്ടാകുകയും അങ്കണവാടിയുടെ ജനൽ ചില്ലും സ്ളാബും തകർത്ത അവസ്ഥയിലുമാണ്.

സർക്കാർ പുറമ്പോക്കിലെ അങ്കണവാടിക്കെട്ടിടം സ്ഥിതി ചെയ്യുന്നത് 2.91 ആർ സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കാൻ ഭരണസമിതി തലത്തിൽ തുടർ നടപടികൾ സ്വികരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 18/23.8.23) നൽകുകയുണ്ടായി. പ്രദേശവാസികളുടെ എതിർപ്പ് മൂലമാണ് പ്രവൃത്തി പൂർത്തിയാക്കാത്തതെന്നും പഞ്ചായത്ത് സെക്രട്ടറി, ഭരണസമിതിയംഗങ്ങൾ എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തി വിഷയം പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്തെന്നും മറുപടി ലഭ്യമാക്കി. 2023-24 വർഷം 300000/- രൂപ അടങ്കലായി പുതിയ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും വഴി സംബന്ധിച്ച തർക്കം തീർക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തിയാക്കുമെന്നുമാണ് അസി.എഞ്ചിനീയർ മറുപടി നൽകിയത്.
ഭരണസമിതി തലത്തിൽ ഉചിതമായ നടപടി അടിയന്തിരമായി സ്വീകരിച്ച് അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മിച്ച് നൽകേണ്ടതാണ്. ആയതിലേക്കായി 297424/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 പൊതുശൗചാലയം - പ്രവർത്തനക്ഷമമായില്ല.

പൊതുശൗചാലയം നിർമ്മിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യാഗസ്ഥയായി തൻവർഷം രണ്ട് പ്രോജക്ടുകൾ നടപ്പാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ട് | 30/23 |

| | |
|---|---|
| അടങ്കൽ | 300000/-<br>കേന്ദ്രാവിഷ്കൃതവിഹിതം |
| ചെലവ്, ബിൽ നമ്പർ/ തീയതി | 55756/-<br>213/6.3.23 |

2)

| | |
|---|---|
| പ്രോജക്റ്റ് | 54/23 |
| അടങ്കൽ | 300000/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1000000/-<br>കേന്ദ്രാവിഷ്കൃതവിഹിതം |
| ചെലവ്, ബിൽ നമ്പർ/ തീയതി | 678832/-<br>215/6.3.23 = 300000/-<br>214/6.3.23 = 378832/- |

ഗ്രാമപഞ്ചായത്ത് മാർക്കറ്റിന് സമീപം പൊതുശൗചാലയം നിർമ്മിക്കുന്നതിനായി 2018-19 വർഷം 1300000രൂപ അടങ്കലിൽ തയ്യാറാക്കിയ പ്രോജക്റ്റ് 2022-23 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി കെട്ടിടത്തിന്റ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട് . കെട്ടിടത്തിന് ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ്, ജലലഭ്യത തുടങ്ങിയവ നിലവിൽ ലഭ്യമായിട്ടില്ല. പൊതുശൗചാലയം പൂർത്തീകരണത്തിനായി മേൽ പ്രോജക്റ്റുകൾ പ്രകാരം തുകചെലവഴിച്ചെങ്കിലും 22.8.23 ൽ നടത്തിയ സ്ഥലപരിശോധനയിൽ നാളിതുവരെ പൊതുശൗചാലയം പ്രവർത്തനക്ഷമമായിട്ടില്ല എന്ന് ബോധ്യപ്പെട്ടു. ജി.ഒ(എംഎസ്)362/2013 തസ്വഭവ 16.11.13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്റ്റായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. ഉത്തരവിന് വിരുദ്ധമായി ഓരോ വർഷവും പ്രത്യേകം പ്രത്യേകം പ്രോജക്റ്റ് രൂപീകരിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത്. പ്രോജക്റ്റ് സമഗ്രമായി ആവിഷ്കരിക്കാത്തതിനും ഇലക്ട്രിഫിക്കേഷനും വാട്ടർ കണക്ഷനും നൽകി പ്രവൃത്തി പൂർത്തീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 20/23.8.23) നൽകുകയുണ്ടായി. ഏകദേശം 90% പ്രവൃത്തികളും പൂർത്തിയാക്കിയെന്നും ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിക്കാൻ കാലതാമസം വന്നെന്നും അടിയന്തിരമായി പ്രവൃത്തി പൂർത്തിയാക്കുമെന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയശേഷം വിവരം അറിയിക്കേണ്ടതാണ്. അതിലേക്കായി തൻവർഷത്തെ 734588/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 പൊതുടാപ്പുകളുടെ കണക്ഷൻ വിഛേദിക്കൽ- വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല, പ്രവൃത്തി നാളിതുവരെ നടപ്പായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് | So-185/23 പൊതുടാപ്പുകളുടെ കണക്ഷൻ വിഛേദിക്കൽ- തുക ഡെപ്പോസിറ്റ് ചെയ്യുന്നത് |
| അടങ്കൽ | 200000/- (സി.എഫ്.സി- |

| | |
|---|---|
| | അൺടൈഡ്ഗ്രാന്റ് )<br>45000/-( വികസനഫണ്ട്- ജനറൽ)<br>245000/- |
| ചെലവ് | 200000/-(270/22-3-23)<br>-എസിആർപ്രകാരം<br>44900/- (49/28-3-23)<br>244900 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് പരിധിയിൽ ജലജീവൻമിഷൻ പദ്ധതി പ്രകാരം 90 ശതമാനത്തിലധികം വീടുകളിലും കുടിവെള്ളകണക്ഷൻ നൽകിയിട്ടുള്ളതിനാൽ ഉപയോഗിക്കാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയും വാട്ടർ അതോറിറ്റിയിൽ അപേക്ഷ നൽകുകയും ചെയ്തിരുന്നു . വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റനുസരിച്ചുള്ള തുക അടവാക്കുന്നതിനാണ് പ്രോജക്ട് ആവിഷ്ക്കരിച്ചത്. വിവിധ വാർഡുകളിലായി 295 പൊതുടാപ്പുകളിൽ 53 എണ്ണം മാത്രം നിലനിർത്തി ബാക്കിയുള്ള 242 ടാപ്പുകൾ റദ്ദ് ചെയ്യുന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റനുസരിച്ചുള്ള തുക 244900/-രൂപ വാട്ടർ അതോറിറ്റിയുടെ എസ്.ബി.ഐ അക്കൗണ്ട്നമ്പർ- 67264609264 (IFSC No-SBIN0070427) ലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും ട്രാൻസ്ഫർ ചെയ്തവിവരം രേഖകൾ സഹിതം അറിയിക്കണമെന്നും രേഖാമൂലം പഞ്ചായത്തിനെ അറിയിച്ചിരുന്നു. (എക്സിക്യൂട്ടീവ് എൻജിനീയറുടെ 25-2-23-ലെ PHKY/1089/2022 നം കത്ത്) . എന്നാൽ പ്രോജക്ട് തുക പഞ്ചായത്തിന്റെ പേരിൽ തലയോലപ്പറമ്പ് ശാഖയിലുള്ള 0802053000002195 നം അക്കൗണ്ടിൽ നിന്നും 25-3-23-ൽ ട്രാൻസ്ഫർ ചെയ്തത് പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കിപ്പോരുന്ന 67264697310 നമ്പർ അക്കൗണ്ടിലേക്കാണ്. അപാകത ബോധ്യപ്പെട്ടതിനെ തുടർന്ന് ശരിയായ അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കാണിച്ച് 29-3-23ലും 5-4-23ലും ഫിനാൻസ് മാനേജർ, കേരള ജല അതോറിറ്റി, തിരുവനന്തപുരത്തിന് കത്ത് നൽകിയതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപാകത പരിഹരിക്കപ്പെട്ടതായി ഫയലിൽ രേഖകളില്ല. മാത്രമല്ല ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക കൈമാറുന്നതിനു മുൻപ് നിർവ്വഹണ ഏജൻസിയുമായി കരാർ ചമയ്ക്കേണ്ടതാണെന്ന മാർഗ്ഗരേഖാനിർദ്ദേശവും പാലിച്ചിരുന്നില്ല. കൂടാതെ വെള്ളക്കരം അടവ് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 242 ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തുക അടവാക്കിയതിനു ശേഷവും 2023 ഏപ്രിൽ മാസം 295 ടാപ്പുകൾക്കുള്ള തുകയായ 3,57,909/- രൂപ തന്നെയാണ് വീണ്ടും വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ളതെന്നും കാണുന്നു. (ബിൽ നം-73199/10-4-23)

തുക ട്രാൻസ്ഫർ ചെയ്തതിൽ സംഭവിച്ച അപാകത പരിഹരിക്കപ്പെട്ടതിന്റേയും പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ രേഖകൾ സഹിതം (പൂർത്തീകരണസാക്ഷ്യപത്രം, വാട്ടർ അതോറിററിയുമായി ഉണ്ടാക്കിയിട്ടുള്ള കരാർ മുതലായവ) ലഭ്യമാക്കുവാനും വെള്ളക്കരമിനത്തിലുള്ള ഡിമാന്റ് തുകയിലെ അപാകത പരിഹരിച്ചിട്ടുള്ളതിന്റേയും നിലവിൽ വെള്ളക്കരം അടവാക്കിവരുന്ന ടാപ്പുകളുടെ എണ്ണം എന്നീ വിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (എൻക്വയറി നം-1/19-8-23), ട്രാൻസ്ഫർ ചെയ്ത തുക തെറ്റായ അക്കൗണ്ടിൽനിന്നും ശരിയായ അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ഫിനാൻസ് മാനേജർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ തുക അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെന്ന് ഫോൺമുഖാന്തിരം വാട്ടർ അതോറിറ്റിയിൽനിന്നും അറിയിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കി. കൂടാതെ കരാർ വയ്ക്കുന്നതിന് വാട്ടർ അതോറിററിക്ക് 29-4-23-ൽ കത്ത് നൽകിയിട്ടുണ്ടെങ്കിലും കരാർ വച്ചിട്ടില്ലായെന്നും ടാപ്പുകൾ വിച്ചേദിക്കുന്ന പ്രവൃത്തി നടപ്പാക്കിയിട്ടില്ലായെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ

വിച്ഛേദിക്കേണ്ടതായ 242 ടാപ്പുകളുടെ വെള്ളക്കരം പിന്നീട് അടവാക്കിയിട്ടില്ലാത്തതാണെന്നും ആയത് തുടർന്ന് അടവാക്കേണ്ടതില്ലായെന്ന് 23-6-23-ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണെന്നും (അജണ്ട- 5) വിശദീകരണവും നൽകി.

പ്രോജക്ട് പ്രകാരം ചെലവഴിച്ച തുക ശരിയായ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ വാട്ടർ അതോറിറ്റിയുമായി നിയമാനുസരണം കരാർ ചമക്കേണ്ടതും അതോറിറ്റിയുമായി ബന്ധപ്പെട്ട് ടാപ്പുകൾ വിച്ഛേദിക്കുന്ന പ്രവൃത്തി നടപ്പാക്കി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച് വാട്ടർ അതോറിറ്റിയിൽനിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 244900/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗവിശദാംശങ്ങൾ സഹിതം വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-26 ഉയർന്ന തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നു - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

| | |
|---|---|
| പ്രോജക്ട് | നം-65- ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം പദ്ധതി |
| അടങ്കൽ | 2549400/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണോദ്യോഗസ്ഥ | വി. ഇ. ഓ (പൊതി) |
| ബിൽ | 4/23 തീയതി 28.03.23 |

ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം പദ്ധതി മുഖന ബക്കറ്റ് കംപോസ്റ്റുകൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിരുന്നത് പ്രകാരം സിഡ്കോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ (978 രൂപ), കേരള അഗ്രോ ഇൻഡസ്ട്രീസ് വൈക്കം (1111 രൂപ), ഐ.ആർ.ടി.സി പാലക്കാട് (1300 രൂപ) എന്നീ ഏജൻസികൾ ക്വട്ടേഷനുകൾ സമർപ്പിക്കുകയും ഇതിൽ കൂടിയ നിരക്ക് ക്വോട്ട് ചെയ്ത ഐ.ആർ.ടി.സി പാലക്കാട് ന്റെ ക്വട്ടേഷൻ 16.06.23തീയതിയിലെ 1/1 നമ്പർ കമ്മറ്റി തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. 28.03.23 തീയതിയിലെ 4/22-23 ബിൽ പ്രകാരം പ്രസ്തുത സ്ഥാപനത്തിന് 200000 രൂപ (അക്കൗണ്ട് നം. 0812201002322) അഡ്വാൻസ് തുകയായി കൈമാറിയിട്ടുണ്ട്. ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കേണ്ടതിന് പകരം ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചത് ക്രമ പ്രകാരമല്ല. കൂടാതെ പ്രസ്തുത വാങ്ങൽ സംബന്ധിച്ച പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനവും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബക്കറ്റുകളുടെ ഗുണനിലവാരം സംബന്ധിച്ച് പ്രൊക്വയർമെന്റ് കമ്മറ്റി തീരുമാനത്തിന്റെ അഭാവത്തിൽ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചത് ക്രമപ്രകാരമല്ല.

യൂണിറ്റിന് 1300 രൂപ വിലയുള്ള 750 ബക്കറ്റ് കമ്പോസ്റ്റുകൾ എത്തിച്ചു നൽകിയതായും അഡ്വാൻസ് കിഴിച്ച് ബാക്കി തുകയായ 775000 രൂപ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഐ.ആർ.ടി.സി കത്ത് നൽകിയിട്ടുണ്ട് (ഐ.ആർ.ടി.സിയുടെ 28.04.2023 തീയതിയിലെ IRTC-PIU/143/22-23 നമ്പർ കത്ത്). എന്നാൽ പ്രസ്തുത 750 ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകൾ സ്റ്റോക്കിൽ എടുത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/23.08.23) ബക്കറ്റ് കമ്പോസ്റ്റ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൻവർഷം

കൈമാറിയ 200000 രൂപയ്ക്ക് ഐആർടിസിയിൽ നിന്ന് ലഭ്യമാകേണ്ടത് 154 ബക്കറ്റ് കംപോസ്റ്റ് യൂണിറ്റുകളാണ് (200000÷1300=144). കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്ന സിഡ്കോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന്റെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നെങ്കിൽ 154 ബക്കറ്റ് കംപോസ്റ്റ് യൂണിറ്റുകൾക്ക് 150612 രൂപയുടെ ചെലവേ ആകുമായിരുന്നുള്ളൂ. (154x978=150612) ആയതിനാൽ ഈയിനത്തിൽ തൻവർഷം 49388 രൂപയുടെ നഷ്ടം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു (200000-50612=49388). കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചതുവഴി ഉണ്ടായ 49388 രൂപയുടെ നഷ്ടത്തിന് വിശദീകരണം മറുപടിയിൽ ലഭ്യമാക്കിയിട്ടില്ല. ഉയർന്ന തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ബക്കറ്റ് കമ്പോസ്റ്റ് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതുമാണ്. 200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-27 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയത്-ഗ്രാമസഭ അംഗീകാരം നൽകിയില്ല

29.11.2022 ലെ ഭരണസമിതി യോഗത്തിലെ അജണ്ട 1 തീരുമാനം 10 പ്രകാരം താഴെ പറയുന്ന ഗുണഭോക്തക്കളെ പാലിന് സബ്സിഡി എന്ന പദ്ധതിയിൽ (പ്രോജക്ട് നം.76/23) 22-23 വർഷത്തെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| ക്രംനം. | ഗുണഭോക്താവിന്റെ വിവരം | വാർഡ് |
|---|---|---|
| 1 | എൽസമ്മ ജോളി, കരിമഠം | 14 |
| 2 | ജെസി ജോസഫ്, കണ്ണാങ്കേരി | 07 |
| 3 | അഷ്‌ലി ജോൺ, താണപറമ്പിൽ | 10 |
| 4 | അച്ചാമ്മ ജോർജ്ജ്, അരയത്തേൽ | 8 |
| 5 | സുശീല ഉദയൻ, പുതുശ്ശേരി | 12 |
| 6 | ബാബു, കുന്നിമംഗലത്ത് | 14 |

ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫണ്ടിനം | വികസനഫണ്ട് |
|---|---|
| ബിൽ നമ്പർ | 284805-02/22-23/24.02.22<br>115195-03/22-23/18.01.23 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 230588-08/22-23/27.02.23<br>19412-10/22-23/18.03.23 |

എന്നാൽ മേൽ വ്യക്തികളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയത് തൊട്ടടുത്ത ഗ്രാമസഭയിൽ വെച്ച് അംഗീകാരം നേടിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/23.08.23)മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് തുടർന്നുള്ള ഗ്രാമസഭയുടെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യാഗസ്ഥനായ ഡയറി എക്സ്റ്റെൻഷനൻ ഓഫീസർ മറുപടി ലഭ്യമാക്കി. മേൽ വിഷയത്തിൽ തുടർ നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കുന്നത് വരെ 650000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 അഗതിരഹിതകേരളം പദ്ധതി-സർക്കാർ ഗ്രാന്റ് 40 ലക്ഷത്തിലധികം രൂപ ചെലവഴിക്കാതെ സിഡിഎസ് അക്കൗണ്ടിൽ നിലനിൽക്കുന്നു.

| പ്രോജക്ട് | ആശ്രയ (എസ്.സി) |
|---|---|
| അടങ്കൽ | 400000/- (വികസനഫണ്ട്-എസ്.സി.പി) |

| | |
|---|---|
| ചെലവ് | 400000/- |
| ബിൽനമ്പർ | 248/17-3-21 |

അഗതികളായ പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച നൽകുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി എസ്.സി.പി. വിഭാഗം വികസനഫണ്ട് വിഹിതത്തിൽ നിന്നും 400000/-രൂപ കുടുംബശ്രീ സി.ഡി.എസിന്റെ പേരിൽ ഗ്രാമീണബാങ്ക് തലയോലപ്പറമ്പ് ശാഖയിലുള്ള 40541101027660 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. സിഡിഎസിന്റെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ പ്രോജക്ടിനായി കൈമാറിയ തുക ഉൾപ്പെടെ 40,88,091/-രൂപ 31-3-23-ൽ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതായി കണ്ടു. നിലവിൽ ചലഞ്ച് ഫണ്ട് ലഭിക്കാത്തതിനാൽ ഭക്ഷണകിറ്റ് വിതരണത്തിനായി 12,92,961 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നും, നീക്കിയിരിപ്പ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാനും രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നം- 3/19-8-23) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട്തുക 400000/-രൂപ ചെലവഴിച്ചിട്ടില്ലെന്നും 31-3-23-ൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ 35,80,188/- രൂപയും മുൻവർഷങ്ങളിൽ ലഭ്യമാക്കിയ വികസനഫണ്ട് വിഹിതമാണെന്നും ബാക്കിവരുന്ന 5,07903/-രൂപ പലിശയിനത്തിൽ ക്രഡിറ്റ് ചെയ്യപ്പെട്ട തുകയാണെന്നും മറുപടി നൽകി.

ആശ്രയ ലിസ്റ്റിൽ അർഹരായ ഗുണഭോക്താക്കളുണ്ടായിരിക്കെ പദ്ധതിക്കായി പ്രോജക്ട് പ്രകാരം സിഡിഎസിന് കൈമാറുന്ന തുക വർഷങ്ങളായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് തികച്ചും തെറ്റായ നടപടിയാണ്. അപാകത സംബന്ധിച്ചും തുക ചെലവഴിക്കാത്ത പക്ഷം തിരികെ അടയ്ക്കേണ്ടതാണെന്നും മുൻറിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും പ്രോജക്ട് തുക നിശ്ചിത ലക്ഷ്യത്തിനായി വിനിയോഗിക്കുന്നതിനോ ചെലവഴിക്കാത്ത സാഹചര്യത്തിൽ സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനോ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ പല വാർഡുകളിലും ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം കിട്ടിയിട്ടില്ലാത്ത സാഹചര്യമുണ്ടെന്നും ഇത്രയും വലിയ തുക സിഡിഎസിന്റെ അക്കൗണ്ടിലുണ്ടായിരുന്ന കാര്യം അറിയില്ലായിരുന്നുവെന്നും ബഹു. പ്രസിഡന്റ് മറുപടി നൽകി. മുൻവാർഷികപദ്ധതികളിലൊക്കെ ആശ്രയ ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിനും മെയിന്റനൻസിനുമായും മറ്റും സിഡിഎസിന് കൈമാറിയിരുന്ന തുക ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ നിർവ്വഹണോദ്യോഗസ്ഥനും വീഴ്ചയുണ്ടായിട്ടുണ്ട്. ഈ വിഷയത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും ചുമതല നിറവേറ്റിയിട്ടില്ലായെന്നതും വ്യക്തമാണ്.

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ദുർബലരും പാവപ്പെട്ടവരുമായ ഒരു വിഭാഗം ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി വകയിരുത്തി നൽകുന്ന സർക്കാർ ഗ്രാന്റ് ഇവർക്കായി ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. കൈമാറിയ തുക വിനിയോഗിച്ചിട്ടില്ലാത്തതിനാൽ /വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ പ്രോജക്ടിനായി 2022-23 ൽ ചെലവഴിച്ച 4,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സിഡിഎസ് അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് അർഹരായ ഗുണഭോക്താക്കൾക്കുവേണ്ടി നിയമാനുസൃതനടപടിക്രമങ്ങൾ പാലിച്ച് വിനിയോഗിക്കേണ്ടതാണ്. അർഹരായ ഗുണഭോക്താക്കൾ ഇല്ലായെന്ന് കണ്ടെത്തുന്ന പക്ഷം തുക നാളിതുവരെയുള്ള പലിശ സഹിതം സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-29 വിനോദനികുതി സെസ് അടവാക്കുവാൻ അവശേഷിക്കുന്നു

2022-23 വർഷത്തെ വാർഷികകണക്കുകളിലെ ബി-9 ഷെഡ്യൂൾപ്രകാരം (ശീർഷകം നം.350400107) വിനോദ നികുതി സെസ് ഇനത്തിൽ പിരിച്ചിട്ടുള്ള 1802292 രൂപ തിരിച്ചടയ്ക്കുവാൻ ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയുള്ളതായി കാണുന്നു. പ്രസ്തുത തുക 03.08.2016 മുതൽ 09.08.16 വരെയുള്ള കാലയളവിൽ പിരിച്ചിട്ടുള്ളതാണെന്നും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും വേണ്ടിവന്ന അധിക ചെലവ് മൂലം ഫണ്ടിന്റെ അപര്യാപ്തത നേരിട്ടതുകൊണ്ടാണ് തിരിച്ചടയ്ക്കാത്തതെന്നും വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും ഇത്രയും വലിയ തുക പഞ്ചായത്തിന് ബാദ്ധ്യതയായി അവശേഷിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-30 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക കണക്കിൽ ബി9 ഷെഡ്യൂളിൽ 350300199 "Govt And Other Dues Payable - Others " എന്ന ശീർഷകത്തിൽ 26299/- രൂപ വരവുണ്ട്. ഇത് അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ വിവധ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്ന കാലിവീപ്പകളുടെ വിലയാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/2007 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/23.08.23) മറുപടി ലഭ്യമായില്ല. 26299/- രൂപ നിശ്ചിത ശീർഷകങ്ങളിൽ തിരിച്ചടച്ചശേഷം വിവരം അറിയിക്കേണ്ടതാണ്.

### 1-31 മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

2022-23 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ, വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ എന്നിവ പരിശോധിച്ചതിൽ വിവിധ ആവശ്യങ്ങൾക്കായി നൽകിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഇത് സബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (09/21.08.23) ലഭ്യമാക്കിയ മറുപടി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | അവശേഷിക്കുന്ന തുക | റിമാർക്ക്സ്/എൻക്വയറിയുടെ മറുപടി |
|---|---|---|---|
| 1 | 460100199-Other Advances | 137343 | ഇതിൽ മുൻ വർഷം വരെയുള്ള 112493 രൂപ സാക്ഷരതാ പ്രേരക് മാർക്ക് 21.04.16 മുതൽ 28.12.22 വരെയുള്ള കാലയളവിൽ ഹോണറേറിയം ഇനത്തിൽ അനുവദിച്ചിട്ടുള്ളതാണെന്നും ടി തുക നാളിതുവരെ ലഭിച്ചിട്ടില്ലെന്നും മറുപടി ലഭ്യമാക്കി. കൂടാതെ തൻ വർഷം കേരളോൽസവത്തിനായി ചെലവഴിച്ച 20000 രൂപ യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിക്കുന്ന |

| | | | |
|---|---|---|---|
| | | | മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും മരം മുറിക്കുന്നതിന് വേണ്ടി ചെലവഴിച്ച 4000 രൂപ ടിയാന്റെ പക്കൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതായിരിക്കുമെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. |
| 2 | 460509901-Advance To Others | 740200 | തൊഴിലുറപ്പ് പദ്ധതിയിക്ക് അഡ്വാൻസായി നൽകിയതിൽ റീക്കൂപ്പ് ചെയ്യുവാൻ അവശേഷിക്കുന്ന 740200 രൂപ ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതായിരിക്കുമെന്ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. |
| 3 | 460500201-Deposit With KWA | 364234 | വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള 364234 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് മുൻകൂറുകൾ ക്രമീകരിക്കുന്നതായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| 4 | 460500202-Deposit With KSEB | 1161094 | കെ.എസ്.ഇ.ബിയ്ക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള 1161094 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് മുൻകൂറുകൾ ക്രമീകരിക്കുന്നതായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |

09/03/2023ലെ സ.ഉ(കൈ) നം.38/2023/ധന ഉത്തരവിൽ സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചതിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ സഞ്ചിതനിധിയിൽ തിരിച്ചടയ്ക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കൂടി പരിഗണിച്ച് മേൽ പരാമർശിച്ചിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-32 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി

രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. 2003 ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

മുൻ വർഷങ്ങളിൽ ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതു വരെ വീട് പണി പൂർത്തിയാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | റിമാർക്സ് (ലൈഫ് രജിസ്റ്റർ പര്കാരം) |
|---|---|---|
| ലീല ഓ.എസ് | 200000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി |
| നളിനി ഷാജി | 40000 | 30.12.21 ൽ അഡ്വാൻസ് തുക കൈപ്പറ്റി. വീട് പണി തുടങ്ങിയിട്ടില്ല |
| യമുന കൃഷ്ണകുട്ടി | 140000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി |
| തമ്പി ടി.വി | 300000 | ലിന്റൽ വരെ പൂർത്തിയാക്കി |
| രജനി ധർമജൻ | 200000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി |
| മോഹനൻ സി സി | 200000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി |
| സിജിമോൾ തമ്പുരാൻ | 300000 | ലിന്റൽ വരെ പൂർത്തിയാക്കി |
| ശരത് ലാൽ | 200000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി |
| രാജി മോഹൻ | 240000 | ലിന്റൽ വരെ പൂർത്തിയാക്കി |
| പങ്കജവല്ലി | 200000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി |
| സാവിത്രി രാഘവൻ | 200000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി |
| അമ്മിണി രവീന്ദ്രൻ | 300000 | ലിന്റൽ വരെ പൂർത്തിയാക്കി |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/24.08.23) ലീല ഓ.എസ് ഒഴികെയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പരാമർശിത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-34 മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം. – 6/23

അടങ്കൽ – 2,00,000

ചെലവ് – 2,00,000/-

ഇൻവോയ്സ് നം. – എൽ.എഫ്.650/24.07.23

2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായി തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്ത് ഹോമിയോ ഡിസ്പൻസറിക്ക് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ (ഹോംകോ) നിന്ന് മരുന്നു വാങ്ങുന്നതിനായി 2,00,000/-രൂപ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) അനുവദിച്ചിരുന്നു. പ്രസ്തുത സ്ഥാപനത്തിന് ബിൽ നം.7/22-23/16.01.2023 ൽ തുക നൽകിയിട്ടുണ്ട്. 1,21,205/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതുവരെ 1,21,205/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 വിനിയോഗവിവരം ലഭ്യമായിട്ടില്ല- ;ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ ഉദ്ദേശ്യങ്ങൾക്കായി പ്രോജക്ട് പ്രകാരം കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കൈമാറിയ തുക | ഫണ്ട് ട്രാൻസ്ഫർ ചെയ്യപ്പെട്ട അക്കൗണ്ട് ഹോൾഡർ | നിർവ്വഹണോദ്യോഗസ്ഥൻ | ബിൽനം |
|---|---|---|---|---|
| 81/23 എസ്.എസ്.എ. വിഹിതം അടവാക്കൽ | 809599/- | പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ കോട്ടയം ജില്ല. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 15/20-8-22 |
| 60/23 വയോമിത്രം പദ്ധതി | 300000/- (വികസനഫണ്ട്-ജനറൽ) | കേരള സാമൂഹ്യ സുരക്ഷാമിഷൻ | ഐസിഡിഎസ് സൂപ്പർവൈസർ | 192/22-2-23 |
| 182/23-അന്താരാഷ്ട്ര ടെക്നിക്കൽ കോൺക്ലേവ് -വിഹിതം നൽകൽ | 25000/- (ധനകാര്യക്കമ്മീഷൻ അവാർഡ് തുക) | ശുചിത്വമിഷൻ | ,, | 257/18-3-23 |

വിനിയോഗവിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് (23/23.08.23) മറുപടി ലഭ്യമാക്കിയില്ല. ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും ലഭ്യമായിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ആകെ ചെലവഴിച്ച 11,34,599/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 വിഭവ സമാഹരണം

### വിഭവസമാഹരണം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഒ.പി നം 6/2021 ഫിൻ. നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങൾ,

ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടികൾ, വിവിധ വിഭവസ്രോതസ്സുകളിൽനിന്നുള്ള വരവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിവിവരങ്ങൾ, കൂടാതെ ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്തിൽനിന്നും ലഭ്യമായ വിശദീകരണങ്ങൾ എന്നിവയുടെ വിലയിരുത്തലും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ചുള്ള ഓഡിറ്ററിന്റെ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു .

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 162 വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്.

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.
2. ബജറ്റും വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിനായി ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ടെങ്കിലും 31.03.23 തീയതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം 13 ലക്ഷം രൂപയിലേറെ വസ്തു നികുതിയിനത്തിൽ കുടിശികയായി അവശേഷിക്കുന്നു.
4. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കുന്നത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 24.04.2023 ലെ 3 നമ്പർ തീരുമാനപ്രകാരം ജനറൽ കമ്മറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

വസ്തു നികുതി

1. ബജറ്റിലെ പ്രതീക്ഷിത വരവ്, ഐ എൽ ജി എം എസ് വരവ്, സഞ്ചയ വരവ് എന്നിവ പൊരുത്തപ്പെടുന്നില്ല.
2. 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കിയിട്ടില്ല. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയിട്ടില്ല. മേൽ നിരക്കുകൾ 16.08.2023 ലെ കമ്മറ്റിയിൽ അംഗീകരിച്ചിട്ടുള്ളതും അന്തിമ വിജ്ഞാപനത്തിനായി തയ്യാറാക്കിയിട്ടുള്ളതുമാണ്.
3. റോഡ് മാപ്പ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ അപ് ലോഡ് ചെയ്തിട്ടില്ല.
4. അനർഹമായി വസ്തു നികുതി ഇളവ് നൽകിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതി

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ബാധകമായ തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
2. തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമാണ്. അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ തുടങ്ങിയവരൊന്നും ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല.

വസ്തുനികുതി പരിഷ്കരണം കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനും ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. കൂടാതെ തൊഴിൽ നികുതി അടയ്ക്കാനുള്ള ജീവനക്കാരുടെ ഡാറ്റാബേസ് പൂർത്തിയാക്കണമെന്നും വസ്തുനികുതി, തൊഴിൽനികുതിയിനങ്ങളിലുള്ള കുടിശ്ശിക പൂർണ്ണമായും ഈടാക്കുന്നതിലേക്ക് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ പരിശ്രമവും പ്രവർത്തനങ്ങളും ഉണ്ടാകണമെന്നും നിർദ്ദേശിക്കുന്നു.

വിനോദ നികുതി

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കാർണിവൽ സിനിമാസ് എന്ന സിനിമ തീയേറ്റർ 07/2023 മാസം വരെയുള്ള വിനോദ നികുതി ഒടുക്കിയിട്ടില്ല. വിനോദ നികുതി പൂർണ്ണമായി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 31.08.2019 തീയതിയിലെ സ.ഉ(കൈ)നം.112/2019/തസ്വഭവ പ്രകാരം ഓരോ മാസത്തെയും വിനോദ നികുതി അടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണെങ്കിലും സിനിമാ തീയേറ്ററുകൾ വിനോദ നികുതി ഒടുക്കുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു. ഇപ്രകാരം നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന കാലയളവിൽ ഫൈൻ ഈടാക്കാവുന്നതാണ്.

ജി.എസ്.റ്റി കോമ്പൻസേഷൻ

2016-17 വർഷം വരെ വിനോദനികുതിയിനത്തിൽ കോടിക്കണക്കിന് രൂപയുടെ വരുമാനം ലഭിച്ചുകൊണ്ടിരുന്ന പഞ്ചായത്തിന് ജി.എസ്.റ്റി നിലവിൽ വന്ന 2017-18 സാമ്പത്തികവർഷം മുതൽ ഈയിനത്തിലുള്ള വരുമാനം ഗണ്യമായി കുറയുകയുണ്ടായി. തുടർന്ന് കോവിഡ്, പ്രളയം തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ കൂടിയായപ്പോൾ വരുമാനം കുറഞ്ഞതുകാരണം ചില തീയേറ്ററുകൾ പ്രവർത്തനം നിർത്തുകയും പ്രവർത്തിക്കുന്നവ യഥാസമയം നികുതി അടവാക്കാതെ കുടിശ്ശിക വരുത്തിയ സാഹചര്യവുമുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ കണക്കുപ്രകാരം 2017-18 മുതൽ 2022-23 വരെയുള്ള കാലയളവിലെ ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ നാലരക്കോടിയിലധികം രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. (1-12-18-ൽ ഈയിനത്തിൽ ലഭിച്ച 79,74,899/-രൂപ കിഴിച്ചുള്ള തുകയാണ്). ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള വൻകുടിശ്ശികയുടെ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുക അനുവദിച്ചുലഭിക്കുന്നതിനാവശ്യമായ നിയമാനുസൃതനടപടികൾ സ്വീകരിക്കാവുന്നതാണ്.

വാടക / ലേലം

1) വാടകയിനത്തിൽ 23,782/-രൂപയും മാർക്കറ്റ്, അറവുശാല ലേലവരവിനങ്ങളിൽ 5,80012/-രൂപയും ഉൾപ്പെടെ ആകെ 6,03,794/- രൂപയാണ് മുൻവർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ ലഭിക്കുവാൻ ഉള്ളത്. ഇതിൽ അറവുശാല ലേലമിനത്തിലുള്ള 154668/-രൂപ മാത്രമണ് റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശചെയ്തിട്ടുള്ളത് . ബാക്കിവരുന്ന 294869/രൂപ കുടിശ്ശികയുടെ വിശദാംശങ്ങൾ കണ്ടെത്തി ആയതും വാടകകുടിശ്ശികയിനത്തിലുള്ള 23,782/-രൂപയും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടക, ലേലമിനങ്ങളിൽ ദീർഘനാളായി അവശേഷിക്കുന്ന കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ഈടാക്കാൻ സാധിക്കില്ല എന്ന് ഉത്തമബോധ്യമുള്ള സംഗതികളിൽ ആയത് ഈടാക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിച്ച് വാർഷികപദ്ധതികളിൽ മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്കനുസൃതമായി മത്സ്യമാർക്കറ്റിലെ കെട്ടിടസൗകര്യങ്ങളും മറ്റ് ഭൗതികസാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. ആയതിലൂടെ ലേലമിനത്തിലും വാടകയിനത്തിലും വർദ്ധിച്ച വരുമാനം ലഭ്യമാകുന്നതിനുള്ള തുടർനടപടികളും സ്വീകരിക്കാവുന്നതാണ്.

1-37 ബസ് ടെർമിനൽ കോംപ്ലക്സ് നിർമ്മാണം - കരാർ വ്യവസ്ഥകൾ

ദീർഘകാലാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ ഇല്ലാതാക്കി

വടയാർ വില്ലേജിൽ സർവ്വേ നം.204/1ൽ ഉൾപ്പെട്ട 1.68 ഏക്കർ സ്ഥലം ശ്രീ.കുരുവിളജോസഫ്, കൊല്ലംപറമ്പിൽ എന്നയാളിൽ നിന്നും 1958-ൽ ഭൂമിയേറ്റെടുക്കൽ നടപടിയിലൂടെ സർക്കാർ പൊന്നുംവിലയ്ക്കേറ്റെടുത്ത് തലയോലപ്പറമ്പ് ഗവ.സ്കൂളിന് നൽകിയതും 1983ൽ സർക്കാർ ഉത്തരവ് മുഖേന തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ കൈവശാവകാശത്തിൽ വന്നുപെട്ടതുമായ സ്ഥലമാണ്. എന്നാൽ ഇതുസംബന്ധമായ കൃത്യമായ ഭൂരേഖകൾ പഞ്ചായത്തിന്റെ കൈവശമില്ലാത്തതാണ്. പ്രസ്തുത ഭൂമിയിൽപ്പെട്ട പത്ത് സെന്റ് സ്ഥലം ശ്രീ.കുരുവിള ജോസഫിന്റെ അനന്തരാവകാശി ശ്രീ.അബ്രഹാം ജോസഫ്, കൊല്ലംപറമ്പിൽ എന്നയാൾ ശ്രീ.കെ.പി.കുട്ടൻ എന്നയാൾക്ക് പത്തുലക്ഷം രൂപ ഈടാക്കി തീറ് നടത്തി രജിസ്ട്രേഷൻ ചെയ്യുകയുണ്ടായി. ശ്രീ.കെ.പി.കുട്ടൻ എന്നയാൾ സ്വന്തമായി ഭൂമി വാങ്ങാൻ ശേഷിയില്ലാത്തതിനാൽ സൗജന്യമായി ഭൂമിയനുവദിച്ച് കിട്ടാൻ സർക്കാരിൽ അപേക്ഷ സമർപ്പിച്ചയാൾ എന്നാണ് മനസിലാകുന്നത്. പ്രസ്തുത ഭൂമിയുടെ ക്രയവിക്രയം നിയമാനുസൃതമല്ലെന്ന വസ്തുത ചൂണ്ടിക്കാണിച്ച് പഞ്ചായത്ത് തുടർ നടപടികൾക്കായ് റവന്യൂ അധികാരികൾക്ക് പരാതി നൽകുകയും രജിസ്ട്രേഷൻ വകുപ്പിലെ ഡെപ്യൂട്ടി ഐജി ഇതുസംബന്ധിച്ച് അന്വഷണം നടത്തുകയും പ്രസ്തുത ഭൂമികൈമാറ്റം ക്രമാനുസൃതമല്ലെന്നും ടി ഭൂമി പഞ്ചായത്തധീനതയിലുള്ളതാണെന്നും ആയതിനാൽ പ്രസ്തുത ആധാരം റദ്ദ് ചെയ്യേണ്ടതാണെന്നും അന്വേഷണവിഭാഗം റിപ്പോർട്ട് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ആയത് പ്രകാരം ആധാരം റദ്ദുചെയ്ത് ഭൂമി പഞ്ചായത്തധീനതയിൽ തിരികെ ലഭ്യമായിട്ടില്ല. ഈ വിഷയം സംബന്ധിച്ച് കോടതികളിൽ കേസുകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്തധീനതയിലുള്ള ഭൂമി അന്യാധീനപ്പെട്ടു പോകാതിരിക്കുന്നതിനും ആയത് അളന്ന് തിരിച്ച് മതിലുകൾ തീർത്ത് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് 2014-15 ലെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും (ഖ.3-1) പഞ്ചായത്ത് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല എന്ന് കാണുന്നു. നാളിതുവരെ ടി കേസുകളിൽ അന്തിമവിധിയും വന്നിട്ടില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ളതും വർഷങ്ങളായി തലയോലപ്പറമ്പ് ബസ്സ്റ്റാന്റ് സ്ഥിതിചെയ്യുന്നതുമായ പ്രസ്തുത സ്ഥലത്ത് ബസ് ടെർമിനൽ, ഷോപ്പിംഗ് കോംപ്ലക്സ്, പഞ്ചായത്ത് ഓഫീസ് എന്നിവ ഉൾപ്പെടുത്തിയുള്ള കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ 2008-09 വർഷം ഗ്രാമപഞ്ചായത്ത് ആരംഭിച്ചിരുന്നു. ഇതിന്റെ ഭാഗമായി ബി.ഒ.റ്റി വ്യവസ്ഥയിൽ പ്രോജക്ട് നടപ്പാക്കുന്നതിനും ഫീസിബിലിറ്റി റിപ്പോർട്ട്, ബിഡ് കൺസഷൻ എഗ്രിമെന്റ് എന്നിവ തയ്യാറാക്കുന്നതിന് ICICI- KINFRA LTD എന്ന സ്ഥാപനത്തെ നിയമിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. (28-11-08- ലെ III (2)നമ്പർ തീരുമാനം). ആയതിന്റെ അടിസ്ഥാനത്തിൽ 10-12-2008-ൽ സ്ഥാപനവുമായി കരാർവയ്ക്കുകയും ചെയ്തു. കരാറനുസരിച്ച് സ്ഥാപനം വിശദമായ പ്രോജക്ട് റിപ്പോർട്ട്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കി നൽകുകയും പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി നിർമ്മാണപ്രവർത്തനത്തിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് പ്രോപ്പോസലുകൾ ക്ഷണിക്കുകയും ചെയ്തു. ലഭ്യമായ പ്രൊപ്പോസലുകളിൽ M/S CIUDAD Build Pvt Ltd എന്ന സ്ഥാപനത്തിന്റെ പ്രൊപ്പോസൽ നെഗോസിയേഷൻ നടപടികളിലൂടെ 12.5 കോടി രൂപ പ്രോജക്ട് കോസ്റ്റിന് അംഗീകരിക്കുകയും നിർമ്മിക്കപ്പെടുന്ന കെട്ടിടസമുച്ചയം 39 വർഷവും 11 മാസവും സ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിപ്പിക്കുക എന്ന സുപ്രധാനവ്യവസ്ഥയും ഉൾപ്പെടുത്തി കരാർ വയ്ക്കുകയും, പ്രോജക്ട് പ്രോപ്പോസലിന് ജി.ഒ.(എം.എസ്) 244/09/എൽ.എസ്.ജി.ഡി /11-12-2009 നമ്പർ ഉത്തരവുപ്രകാരം സർക്കാരിന്റെ അംഗീകാരവും ലഭിച്ചിരുന്നു. കരാറിലെ വ്യവസ്ഥയനുസരിച്ച് നിർമ്മാണപ്രവർത്തനം രണ്ട് ഘട്ടമായി പൂർത്തീകരിക്കേണ്ടതാണ്. ബസ്ബേ നിർമ്മാണവും പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കേണ്ട കെട്ടിടഭാഗവും ഉൾപ്പെടുന്ന പ്രവൃത്തികൾ 36 മാസം കൊണ്ട് ഒന്നാംഘട്ടമായും രണ്ട് ബ്ലോക്കുകൾ വരുന്ന കൊമേഴ്സ്യൽ കോംപ്ളക്സ് കെട്ടിടത്തിന്റെ നിർമ്മാണം രണ്ടാംഘട്ടത്തിൽ 18 മാസം കൊണ്ടും പൂർത്തീകരിക്കേണ്ടതാണെന്ന് കരാറിലെ പ്രോജക്ട് വിശകലനം സംബന്ധിച്ച അധ്യായം 1-1 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത വ്യവസ്ഥകളുടെ ലംഘനമുണ്ടാകുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഒന്നും കരാറിൽ പരാമർശിച്ചിട്ടുമില്ല



നിർമ്മാണപ്രവർത്തനം നടന്നുകൊണ്ടിരിക്കെ പ്രസ്തുത സ്ഥലത്തിന് അവകാശവാദം ഉന്നയിച്ച് ചില വ്യക്തികൾ പഞ്ചായത്തിന്റെ നടപടികളെ ചോദ്യം ചെയ്യുകയും പഞ്ചായത്തിനെതിരെ കോടതിയിൽ കേസുകൾ ഫയൽചെയ്യുകയും ചെയ്തു. ഇതിനെ തുടർന്ന് ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള വിവിധ കേസുകളുടെ കോടതിനടപടികൾ തുടർന്നുപോന്നതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ വർഷങ്ങളോളം തടസ്സപ്പെടുകയാണുണ്ടായത്. ഓംബുഡ്സ്മാൻ, ഹൈക്കോടതി, ലോകായുക്ത തുടങ്ങിയ നീതിന്യായകേന്ദ്രങ്ങളിൽ ഉടമസ്ഥാവകാശത്തർക്കം ഉൾപ്പെടെ ഇപ്രകാരം ഫയൽ ചെയ്യപ്പെട്ട ഏകദേശം ഇരുപതിനോടടുത്ത് കേസുകളിൽ പല കേസുകളും ഇതിനോടകം തീർപ്പായിട്ടുണ്ട്. തീർപ്പായിട്ടുള്ള കേസുകളിലെല്ലാം പഞ്ചായത്തിനനുകൂലമായി വിധിയുണ്ടായിട്ടുള്ളതും ആയതനുസരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്.



പഞ്ചായത്തിന്റെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ഭാഗികമായി പണി പൂർത്തിയായിട്ടുള്ളതാണ്. പഞ്ചായത്ത് ഓഫീസ് ഈ ബിൽഡിംഗിന്റെ ഒന്നാം നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. നിർമ്മാണം പൂർത്തീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട ഭാഗത്തെ 14 മുറികൾ നിലവിൽ പഞ്ചായത്ത് നമ്പരിട്ടിട്ടുള്ളതാണ്. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പണി പൂർത്തിയായതിന് ശേഷം 1 ലക്ഷം രൂപ എല്ലാ വർഷവും പഞ്ചായത്തിന് നൽകുന്നതിന് കരാർ പ്രകാരം വ്യവസ്ഥയുള്ളതാണ്. പഞ്ചായത്ത് കാര്യാലയം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെയും ബസ് ടെർമിനലിന്റെയും നിർമാണം പൂർത്തീകരിച്ചിട്ടില്ലെന്നുമാത്രമല്ല, നിലവിൽ വളരെ മന്ദഗതിയിലുമാണ് നിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നതെന്ന് കാണുന്നു.




ഗ്രാമപഞ്ചായത്തും M/s. CIUDAD Builders Pvt Ltd എന്ന നിർമ്മാണകമ്പനിയും തമ്മിൽ ബസ് ടെർമിനൽ കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി കരാർ ചമച്ചിട്ടുള്ളത് 2010 ജനുവരി മാസം 14-ാം തീയതിയാണ്. കരാറും അനുബന്ധമായി ലഭ്യമായ രേഖകളും വിശകലനം ചെയ്തതിൽ കരാറിൽ പ്രവൃത്തി സ്ഥലം സംബന്ധിച്ച് ചേർത്തിട്ടുള്ള വിവരങ്ങൾ അപൂർണ്ണമാണെന്നും കൃത്യമല്ലെന്നും കാണുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1)ബസ് ടെർമിനൽ കോംപ്ലക്സ് എന്ന ബൃഹത് പദ്ധതിയുടെ ഭാഗമായി M/S CIUDAD BUILDERS Pvt. Ltd എന്ന സ്വകാര്യനിർമ്മാണ കമ്പനിയുമായി ഗ്രാമപഞ്ചായത്ത് ചമച്ചിട്ടുള്ള കൺസെഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ പലതും ഗ്രാമപഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപ്പര്യത്തിനു വിരുദ്ധവും ദീർഘകാലാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്ന തരത്തിലുമാണ്.




2) പദ്ധതിയുടെ നിർമ്മാണച്ചുമതല ഒരു ബാഹ്യ ഏജൻസിയെ ഏൽപ്പിക്കുന്നതിന് മുൻപ് ഇതിനായി വിട്ടുനൽകുന്ന സ്ഥലം അതിർത്തി നിർണ്ണയിച്ച്, പോക്കുവരവു നടത്തി റവന്യൂരേഖകൾ പ്രകാരം നിരാക്ഷേപമായി പഞ്ചായത്തിന്റെ പൂർണ്ണ ഉടമസ്ഥതയിലാക്കിട്ടുള്ളതാണെന്ന് ഉറപ്പുവരുത്തിയിരുന്നില്ല. പ്രാഥമികമായും പരമപ്രധാനമായും ചെയ്യേണ്ടിയിരുന്ന പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് നിർമ്മാണ സ്ഥലം കമ്പനിക്ക് കൈമാറിയിട്ടുള്ളത്.

3) പദ്ധതിക്കായി പഞ്ചായത്ത് വിട്ടുനൽകുന്ന സ്ഥലം സംബന്ധിച്ച കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ ബി.ഒ.ടി.കരാറിൽ വ്യക്തമാക്കിയിട്ടില്ല. (സ്ഥലത്തിന്റെ ആകെ അളവ്, കമ്പനിക്ക് വിട്ടുനൽകുന്ന സ്ഥലത്തിന്റെ അളവ്, സർവ്വേനമ്പർ, ഉടമസ്ഥത തെളിയിക്കുന്നതിനുള്ള വില്ലേജ് രേഖകൾ എന്നിവ കരാറിൽ പരാമർശിച്ചിട്ടില്ല.)

4) കരാറിൽ പട്ടിക A, ഖണ്ഡിക 2.1.2.1 പ്രകാരം പ്രസ്തുത നിർമ്മാണപ്രവർത്തനത്തിനായി

ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ അളവ് 8.10 സെന്റ് മാത്രമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ ഇപ്രകാരം വസ്തുവിന്റെ അളവ് രേഖപ്പെടുത്തിയിട്ടുള്ളതിന് അടിസ്ഥാനമാക്കിയിട്ടുള്ള രേഖ ഏതെന്ന് കരാറിൽ വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല ലഭ്യമായ അനുബന്ധരേഖകൾ (സർക്കാർ ഉത്തരവുകൾ, അന്വേഷണറിപ്പോർട്ടുകൾ മുതലായവ) പ്രകാരം പ്രസ്തുത സ്ഥലത്തോട് ചേർന്നുള്ള ഗവ. സ്കൂളിനുവേണ്ടി സർക്കാർ പൊന്നുംവിലയ്ക്കെടുത്തിരുന്നതും പിന്നീട് സർക്കാർ ഉത്തരവുപ്രകാരം പഞ്ചായത്തിന്റെ അധീനതയിൽ വിട്ടുകിട്ടപ്പെട്ടതുമായ 43 സെന്റ് സ്ഥലം പഞ്ചായത്തിന്റെ പൂർണ്ണ ഉടമസ്ഥതയിലുണ്ടായിരുന്നതാണെന്ന് വ്യക്തമാകുന്നു.

5) കരാർ വ്യവസ്ഥ ( Page-19 Chapter-II, Para 6.1 മുതൽ 6.8 വരെ) പ്രകാരം പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്ന എല്ലാ കെട്ടിടമുറികളും വാടകയ്ക്ക് നൽകുന്നതിനും വാടകയും ലൈസൻഫീസും ഈടാക്കുന്നതിനുമുള്ള അധികാരം നിർമ്മാണ കമ്പനിക്കായിരിക്കുകയും, എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങൾ എന്ന കാരണത്താൽ പ്രസ്തുത കോംപ്ലക്സിലെ ഒരു കെട്ടിടത്തിനും പഞ്ചായത്ത് കെട്ടിടനികുതി ഈടാക്കരുതെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. (Page-27, (Chapter -III Para 10.2) കൂടാതെ പണിപൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യുന്നതു മുതലുള്ള ദീർഘമായ 39 വർഷവും 11 മാസവുമാണ് കൺസെഷൻ കാലയളവെന്നും കരാറിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ തർക്കങ്ങളും കേസുകളും കാരണം നിർമ്മാണം 10 വർഷത്തോളം മുടങ്ങിപ്പോയതും നിർവ്വഹണകലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയക്രമം പാലിച്ചല്ലാതെ കമ്പനിയുടെ താൽപര്യാർത്ഥം നടക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കാലതാമസമെടുക്കുമെന്നതിനാലും വാടക, ലേലമിനങ്ങളിലായി പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നു.

6) പ്രവൃത്തി നിർവ്വഹണത്തിനായി സ്ഥലം കരാർ കമ്പനിക്ക് ഹാൻഡ് ഓവർ ചെയ്യുന്ന തീയതി, കമ്പനി സ്ഥലം എറ്റുവാങ്ങി പ്രവൃത്തി ആരംഭിക്കേണ്ട തീയതി എന്നീ വിവരങ്ങൾ പരാമർശിക്കാതെ ആദ്യഘട്ട പ്രവൃത്തി 36 മാസങ്ങൾ കൊണ്ടും രണ്ടാംഘട്ട പ്രവൃത്തി 18 മാസങ്ങൾ കൊണ്ടും പൂർത്തീകരിക്കണമെന്ന് മാത്രം പരാമർശിച്ചിട്ടുള്ളതിൽ അവ്യക്തത നിലനിൽക്കുന്നു. കൂടാതെ കരാർ ലംഘനമുണ്ടാകുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ സംബന്ധിച്ചും കരാറിൽ വ്യക്തമാക്കിയിട്ടില്ല.

7) നിർമ്മാണം പൂർത്തീകരിച്ച പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന് ലിഫ്റ്റ് സൗകര്യമോ ഭിന്നശേഷി സൗഹൃദസൗകര്യങ്ങളോ ഏർപ്പെടുത്തിയിട്ടില്ല.

ഇപ്രകാരമുള്ള വ്യവസ്ഥകളോട് കൂടിയ കരാർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. കമ്പനിയുമായുള്ള കരാർ പ്രകാരം നിശ്ചിത കാലയളവിൽ തന്നെ നിർമാണം പൂർത്തിയാക്കുന്നതിനും ലഭ്യമാകേണ്ട വരുമാനം പഞ്ചായത്തിന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിന് കരാർ പ്രകാരം ലഭിക്കേണ്ട സൗകര്യങ്ങൾ നേടിയെടുക്കുന്നതിനും പഞ്ചായത്തിന്റെ ഉത്തമ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലം മറ്റൊരാളിന്റെ പേരിൽ ആധാരം ചെയ്യപ്പെട്ടത് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സജീവമാക്കേണ്ടതും നിർമ്മാണസ്ഥലം പൂർണ്ണമായും പഞ്ചായത്തിന്റെ പൂർണ്ണ ഉടമസ്ഥതയിലും കരം തീരുവയിലും ആക്കി ലഭിക്കുന്നതിനുമുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിലവിലുള്ള കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ ഉത്തമ താത്പര്യം സംരക്ഷിച്ചുകൊണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയും ആത്മാർത്ഥമായ ഇടപെടലും പ്രവർത്തനങ്ങളും ഉണ്ടാകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 23/06/2023-ലെ 3-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 24.06.2023 ലെ 400473/FMAR05/GPO/2023/5992(1) നം. കത്ത് മുഖേന ഓഡിറ്റ് സമയത്തും ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 18/08/2023 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 1404086 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി (62/23) | 1404086 | 0 |
| | 100000 | അങ്കണവാടി പൂരക പോഷകാഹാരം (4/23) | 100000 | 0 |
| | 120000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (57/23) | 120000 | 0 |
| | 250000 | പാലിന് സബ്സിഡി (76/23) | 250000 | 0 |
| ആകെ | 1874086 | ജില്ല പഞ്ചായത്ത് | 1874086 | 0 |

| | | | | |
|---|---|---|---|---|
| | | വിഹിതം | | |
| കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 1480000 | ലൈഫ് ഭവന പദ്ധതി -എസ്.സി.പി (62/23) | 1480000 | 0 |
| | 200000 | അങ്കണവാടി പൂരക പോഷകാഹാരം (4/23) | 200000 | 0 |
| | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (57/23) | 200000 | |
| | 152120 | ഹരിതകർമ്മസേനയ്ക്ക് സഹായ ഉപകരണങ്ങൾ വാങ്ങി നൽകൽ (139/23) | 152120 | 0 |
| ആകെ | 2032120/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2032120/- | 0 |

ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ നേരിട്ട് പഞ്ചായത്തിൽ നൽകാതെ പ്രോജക്റ്റ് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്തൃ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യുന്നു. കൂടാതെ പഞ്ചായത്തിന് മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക്-ജില്ല പഞ്ചായത്ത് വിഹിതങ്ങളിൽ പ്രോജക്റ്റ് രൂപീകരിച്ച് ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 49425/- രൂപ സർക്കാർ തൻവർഷം തിരികെയെടുത്തിട്ടുണ്ട്.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുകകളൊന്നും മുൻകൂറായി നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2022-23 ൽ തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| ലൈഫ് ഭവന | ജി ഓ (എം എസ് ) | 3864000 | 1040000 | 1974532 | 2929468 |

| | | | | | |
|---|---|---|---|---|---|
| പദ്ധതി(KURDFC) | നം 100/2018 /തസ്വഭവ,30.07.2018 | | | | |

## 4-6 സ്ഥിരനിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2672202 |
| തൻവർഷം നിക്ഷേപിച്ച തുക | 992239 |
| ആകെ | 3664441 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/03/2023-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3664441 |

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തുക, തീയതി | പ്രാരംഭബാക്കി | കരാർ വർഷ നിക്ഷേപം | 22-23 പലിശ | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വടയാർ എസ്.സി.ബി. FD No.09226 | 750000 26.11.12 | 1566615 | | 105747 | 1672362 |
| 2 | എസ്.ബി.ഐ, തലയോലപ്പറമ്പ് 39209454473 | 1000000 09.03.20 | 1105587 | | 51712 | 1157299 |
| 3 | സൗത്ത് ഇൻഡ്യൻ ബാങ്ക്, തലയോലപ്പറമ്പ്-0802101000002253 | 31.05.22 | 0 | 834780 തീ. 31.05.22 | 0 | 834780 |
| | ആകെ | | 2672202 | 834780 | 157459 | 3664441 |

സ്ഥിര നിക്ഷേപം ക്രമ നം.1, 2 എന്നിവയുടെ പലിശയും 31.05.22 ൽ പുതിയതായി ആരംഭിച്ച സ്ഥിരനിക്ഷേപ തുകയും ചേർന്ന 992239 (105747+51712+834780) രൂപയാണ് തൻവർഷം നിക്ഷേപിച്ച തുകയായി ചേർത്തിട്ടുള്ളത്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് നം. | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2012-13 | 2-8 | 1584 | എം.എ.അസീസ് | 1220102357 തീയതി. 26.09.2022 |
| 2012-13 | 2-6 | 1000 | ദീപു കുരുവിള വർഗ്ഗീസ് | 1220102171 തീയതി. 15.09.2022 |
| 2012-13 | 3-1 | 480 | സെക്രട്ടറി, | 1220102073 |

| | | | | |
|---|---|---|---|---|
| | | | തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് | തീയതി .03.09.22 |
| 2003-04 | 3-2 | 100 | വി.കെ.രവി | 1220101667 തീയതി.30.07.2022 |
| 2003-04 | 3-2 | 100 | വി.കെ.രവി | 1220102072 തീയതി.03.09.2022 |
| 2018-19 | 3-1 | 15000 | ജിജി പ്രസന്നൻ, ഡ്രൈവർ | 1220100345 തീയതി.26.04.2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-9 | 2007-08 | 3-32-1 | വസ്ത്രനിർമ്മാണ യൂണിറ്റ് - അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2002-03 | ഭാഗം 2 ഖ-19 | 2005-06 | 2-27-1 | SGRYപദ്ധതി നടത്തിപ്പിലെ അപാകതകൾ | നിയമസഭാ സമിതി(14-16) 52-ാംമത് റിപ്പോർട്ട് ഖ 14, 15 പ്രകാരം അധികം നൽകിയ ധാന്യത്തിന്റെ മൂല്യം പണത്തിൽ കുറവ് ചെയ്തിട്ടില്ലെങ്കിൽ തുക ഈടാക്കണം |
| 1999-00 | 25(ബി), 33 | 2003-04 | പേജ് 63 | 1.എർത്ത് ഫില്ലിങ്ങിന് അധിക നിരക്ക് നൽകിയത് - | നിയമസഭാ സമിതിയുടെ (16-19) 11-ാംമത് റിപ്പോർട്ട് ഖ.35 |

| | | | | | |
|---|---|---|---|---|---|
| | | | | 10,554<br>2.കർഷകർക്ക് വളം വിതരണം -അധിക സബ്സിഡി- 15,608 | പ്രകാരം ഉദ്യാഗസ്ഥരിൽ നിന്നും തുക ഈടാക്കണം |
| 11-12 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2013-14 | പ്രവർത്തന ക്ഷമതാ റിപ്പോർട്ടുകൾ ഖ 5-1<br>പേജ് 57, 65, 76 | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2014-15 | 2-1, 2-2, 2-3, 2-4 | 2016-17 | അനുബന്ധം 3 | വസ്തുനികുതി പരിഷ്കരണ നടപടികൾക്ക് ആധികാരിക സ്ഥിരീകരണമില്ല | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2014-15 | 2-7 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണന യിലാണ് |
| 2020-21 | 1-15 | 2021-22 | അനുബന്ധം 1 | വാണിജ്യാവശ്യ ത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | : | 60423152 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 35302723 |

| | |
|---|---|
| (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 3782716 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 297424 | ശ്രീമതി ബീന റഹ്മാൻ,അസി. എഞ്ചിനീയർ |
| 1-24 | 734588 | ശ്രീമതി ബീന റഹ്മാൻ,അസി. എഞ്ചിനീയർ |
| 1-25 | 244900 | ശ്രീമതി ശാലിനി വർഗ്ഗീസ്, സെക്രട്ടറി |
| 1-26 | 200000 | ശ്രീമതി ചിത്തിര, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-27 | 650000 | ശ്രീമതി സിന്ധ്യ എൽ.കെ, ഡി.ഇ.ഒ |
| 1-28 | 400000 | ശ്രീമതി ഷിജമോൾ കെ, അസി. സെക്രട്ടറി |
| 1-34 | 121205 | ഡോ. സുമ കെ.ജി., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-35 | 809599<br>325000 | ശ്രീമതി ഷിജമോൾ കെ, സെക്രട്ടറി ഇൻ ചാർജ്ജ്<br>ശ്രീമതി ശാലിനി വർഗ്ഗീസ്, സെക്രട്ടറി |
| ആകെ | 3782716 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 വരവ് | എൽ.എഫ്.കെ.പി5/1062/07/30.06.09/6.10.09 |
| 1999-00 ചെലവ് | കെഎസ് എ കെടിഎം പി8/അദാ.22/1142(1)/1.8.22 |
| 1998-99 വരവ് | എൽ.എഫ്.കെ.പി5/1096/07/30.06.09/6.10.09 |
| 1999-00 | എൽ.എഫ്.കെ.പി5/1097/07/1.07.09/6.10.09 |

| | |
|---|---|
| വരവ് | |
| പ്ലാൻ 2000-01, 01-02 | കെഎസ് എ കെടിഎം പി8/അദാ.22/1142(5) /22/1.8.22 |
| 2002-03, ചെലവ് | എൽ.എഫ്.കെ.പി5/678/05/30.03.18 |
| 2000-01 വരവ് | എൽ.എഫ്.കെ.പി5/1098/07/30.06.09/14.9.09 |
| 2001-02 | എൽ.എഫ്.കെ.പി5/1082/08/30.03.10 |
| 2003-04 | കെഎസ് എ കെടിഎം പി8/അദാ.22/1142(4)/1.8.22 |
| 2004-05 | കെഎസ് എ കെടിഎം പി8/അദാ.22/1142(5)/1.8.22 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)2018-31(4)/2018 /16.02.18/14.03.18 |
| 2006-07 | കെഎസ് എ കെടിഎം പി8/അദാ.22/1142(6)/1.8.22 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി8(അദാ.)22/1142(7) /22/01.08.2022 |
| 2008-09 | കെഎസ് എ കെടിഎം പി8/അദാ.22/1142(8) /22/1.8.22 |
| 2009-10 | കെഎസ് എ കെടിഎം പി8/അദാ.22/1142(9) /22/1.8.22 |
| 2010-11 & 2011-12 | കെഎസ് എ കെടിഎം പി8/അദാ.22/1142(9) /22/1.8.22 |
| 2012-13 | കെഎസ് എ കെടിഎം പി8/അദാ.22/1142(11) /22/1.8.22 |
| 2013-14 | കെഎസ് എ കെടിഎം പി8/അദാ.22/1142(13) /22/1.8.22 |
| 2014-15 | കെഎസ് എ കെടിഎം പി8/അദാ.22/860(1) /22/1.8.22 |
| 2015-16 | കെഎസ് എ കെടിഎം പി8/അദാ.22/860(2) /22/1.8.22 |
| 2016-17 | കെഎസ് എ കെടിഎം പി8/അദാ.22/142/22/1.8.22 |
| 2017-18 | കെഎസ് എ കെടിഎം പി8/അദാ.22/860(3) /22/1.8.22 |
| 2018-19 | കെഎസ് എ കെടിഎം പി8/അദാ.22/860(4) /22/1.8.22 |
| 2019-20 | കെഎസ് എ കെടിഎം പി8/100/22/8.6.22 |
| 2020-21 | കെഎസ് എ കെടിഎം പി8/1016/22/9.6.22 |
| 2021-22 | കെഎസ്എ കെടിഎം/പി8/363/23 /31.03.23 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 23-06-2023 and submitted on 23-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thalayolaparambu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thalayolaparambu Grama Panchayat for the year 2022-2023

Date: 04/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Thalayolaparambu Grama Panchayat for the Year 2022-2023.

**1.Major Observations**

1. General Fund Details not maintained. Source Data not available for the verification of total general fund as on 31/03/2023.
2. Non Disclosure of Capital Contribution-Captal contribution opening balance details, fundwise capital contriobution of curent year are not available.
3. Non Disclosure of Assets-Assets not classified , evaluated and accounted-Asset Register has not updated

**2.Other Observations**

1. Cashflow statement Net increase /decrease in cashflow does not match with the difference between

the opening balance and closing balance of cash and cash equivalents.

2. Ratios on various financial performance as prescribed in accounting rules are not generated and submitted for audit.
3. Balance amount of CFC grant in RP40(b) schedule is different from balance amount in B-4 Schedule
4. Expenditure of Joint venture project share from block panchayath not matched with Annual Financial Statement
5. Advance to MGNREGS and Saksharatha prerak not accounted in Proper account heads.
6. D.C.B of various receipt items (Property tax, Entertainment tax and market receipts) do not match with Annual Financial Statement.
7. Government and other dues register not maintained
8. Capital Work in Progress Details and adjustment details not maintained

Deputy Director
District Office Kottayam
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്